കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പത്തനാപുരം ഗ്രാമ പഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
e-mail: doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-കെ.എൽ.എം-പി 6/261/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
കൊല്ലം.
തീയതി 14.02.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പത്തനാപുരം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പത്തനാപുരം ഗ്രാമപഞ്ചായത്ത് 2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പത്തനാപുരം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത്

രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3. കാര്യാലയ പകർപ്പ്.

നം. കെ.എസ്.എ.കെ.എൽ.എം-പി 6/261/17 തീയതി 14.02.2017

കൊല്ലം ജില്ലയിലെ പത്തനാപുരം ഗ്രാമപഞ്ചായത്തിന്റെ
2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികയിൻമേലുള്ള
ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പത്തനാപുരം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 11-02-2016 മുതൽ 17-01-2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ-ക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | : | ശ്രീമതി ഗീത.എം<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 18-01-2017 മുതൽ<br>28-01-2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി സിന്ധു.ജി | ഓഡിറ്റ് ഓഫീസർ. (ഹഗ്രേ) |

| | | | |
|---|---|---|---|
| | | ശ്രീമതി.ശ്രീജ.എസ്. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീമതി .അമ്പിളി..ജി | സീനിയർഗ്രേഡ് ഓഡിറ്റർ (20.1.16 വരെ) |
| | | ശ്രീമതി,സുനിതാ സെബാസ്റ്റ്യൻ | ഓഡിറ്റർ. |

| (ബി) നിർവ്വഹണാധികാരികൾ | | പേര് | കാലയളവ് |
|---|---|---|---|
| പ്രസിഡന്റ് | :1 | ശ്രീ.ഫാത്തിമാഖാൻ | 01-04-2015 മുതൽ 31.102015 വരെ |
| | 2 | ശ്രീ.എച്ച്.നജീബ് മുഹമ്മദ് | 1.11.15 മുതൽ 31-3-2016 വരെ |
| സെക്രട്ടറി | 1 | ശ്രീ. എം. മുരളീധരൻ, അസിസ്റ്റന്റ് സെക്രട്ടറി (സെക്രട്ടറിയുടെ അധിക ചുമതല) | 01-04-2015 മുതൽ 28-07-2015 വരെ |
| | 2 | ശ്രീ.എസ്.സുരേഷ് കുമാർ | 29-7-15 മുതൽ 31-3-2016 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | 1 | ശ്രീ.എം.മുരളീധരൻ | 01-04-2015 മുതൽ18.8.15 വരെ |
| | 2 | ശ്രീമതി.ലീനാകുമാരി | 19.8.15 മുതൽ |

| | | | |
|---|---|---|---|
| | | | 31-3-2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | | ശ്രീമതി.ബീനാ നാരായണൻ | 01-04-2015 മുതൽ 31-03-2016 വരെ |
| വി.ഇ.ഒ- പത്തനാപുരം | : | ശ്രീമതി .രജനി.പി.എസ് | 01-04-2015 മുതൽ 31-03-2016 വരെ |
| വി.ഇ.ഒ- മാങ്കോട് | | ശ്രീ.സന്തോഷ് ജോസഫ്. | 01-04-2015 മുതൽ 31-03-2016 വരെ |
| വെറ്ററിനറി സർജൻ | 1 | ഡോ. ഉഷ.കെ.ഷാനി. | 01-04-2015 മുതൽ 22-09-2015 വരെ |
| | 2 | ഡോ ഉമ്മൻ .പി.രാജ് | 23.9.2015 മുതൽ 31-03-2016 വരെ |
| മെഡിക്കൽ ഓഫീസർ- പി.എച്ച്.സി | 1 | ഡോ. ജി.ഗിരിജാകുമാരി. | 01-04-2015 മുതൽ 31-05-2015 വരെ |
| | 2 | ഡോ.അഞ്ജലി | 01-06-2015 മുതൽ 1-07-2015 വരെ |
| | 3 | ഡോ.വിപിൻ.ജെ.പ്രദീപ് | 02-07-2015 മുതൽ 31-03-2016 വരെ |
| മെഡിക്കൽ ഓഫീസർ- ഹോമിയോ | | ഡോ.കെ.എസ്.ജയകുമാർ. | 01-04-2015 മുതൽ 31-03-2016 വരെ |
| ഹെഡ് മാസ്റ്റർ- ജി.എൽ.പി.എസ് -പത്തനാപുരം | | ശ്രീമതി .ഫാത്തിമാബീബി | 01-04-2015 മുതൽ 31-03-2016 വരെ |
| ഐ.സി.ഡി.എസ്- സൂപ്പർവൈസർ | | ശ്രീമതി പ്രഭാകാന്തി. വി | 01-04-2015 മുതൽ 31-03-2016 വരെ |
| കൃഷി ഓഫീസർ | 1 | ശ്രീ. വി. ദാനശീലൻ | 01-04-2015 മുതൽ 1-06-2015 വരെ |
| | 2 | ശ്രീ.രാമചന്ദ്രൻ | 2-06-2015 |

| | | | |
|---|---|---|---|
| | | | മുതൽ<br>3-08-2015 വരെ |
| | 3 | ശ്രീ.സുനിൽ എ.ജെ | 3-08-2015<br>മുതൽ<br>31-03-2016 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം. | 1-10 |
| | ഭാഗം 2 | |
| 11 | പരസ്യ നികുതി ഈടാക്കുന്നില്ല | 2-1 |
| 12 | ലേലത്തുക അടവാക്കാതെ ഡെപ്പോസിറ്റ് തിരികെ നൽകി നഷ്ടം 5000/-രൂപ | 2-2 |
| 13 | വനം നികുതി ഒടുക്ക് വരുത്തിയിട്ടില്ല സർക്കാരിന് നഷ്ടം | 2-3 |
| 14 | ഡി ആൻറ് ഒ ലൈസൻസ് അപാകതകൾ | 2-4 |
| 15 | തൊഴിൽ നികുതി | 2-5 |
| 16 | ഷോപ്പിംഗ് കോംപ്ളക്സ് വാടക 123858/-രൂപ ഈടാക്കാൻ അവശേഷിക്കുന്നു | 2-6 |
| 17 | വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു | 2-7 |
| 18 | രസീത് ബുക്കിലെ അപാകതകൾ | 2-8 |

| | | |
|---|---|---|
| 19 | കെട്ടിട നമ്പറിംഗ് സംബന്ധിച്ച് | 2-9 |
| 20 | ചെക്ക് നാലുമാസം കയ്യിൽ സൂക്ഷിച്ചത് നിയമപ്രകാരമല്ല | 2-10 |
| | ഭാഗം 3 | |
| 21 | ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയ പ്രവൃത്തികൾ- മാർഗ്ഗ നിർദ്ദേശം പാലിക്കുന്നില്ല | 3-1 |
| 22 | എസ്.സി ഗുണഭോക്താക്കളുടെ ഭൂമിയിൽ സംരക്ഷണ ഭിത്തി- നിർവ്വഹണത്തിലെ അപാകതകൾ | 3-2 |
| 23 | റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ റോഡ് നിർമ്മാണത്തിന് മണ്ണ് കുഴിച്ചെടുക്കൽ പ്രവൃത്തിയുടെ നിരക്ക് നൽകി | 3-3 |
| 24 | .കെ.എസ്.ആർ.ടി.സി ബസ്റ്റാന്റ് റോഡ് ടാറിംഗ്-പ്രവത്തി സ്ഥലം പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടിട്ടില്ല | 3-4 |
| 25 | സർക്കാർ ഉത്തരവിന് വിരുദ്ധമായി തുക അധികം ചെലവഴിച്ചു- 6800/-രൂപ നിരാകരിക്കുന്നു | 3-5 |
| 26 | നോൺ അവയബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെ മരുന്ന് വാങ്ങിയിരിക്കുന്നു-100000/-രൂപ തടസ്സപ്പെടുത്തുന്നു | 3-6 |
| 27 | കുടിവെള്ള ടാപ്പുകളുടെസംയുക്ത പരിശോധന നടത്തിയിട്ടില്ല | 3-7 |
| 28 | പശ്ചിമഘട്ട വികസന പദ്ധതി-മാർഗരേഖ പാലിക്കുന്നില്ല | 3-8 |
| 29 | പത്ര പരസ്യം നൽകൽ -സർക്കാർ ഉത്തരവ് പാലിക്കുന്നില്ല | 3-9 |
| 30 | മീഡിയാശ്രീ -ഡോക്യുമെൻററി തയ്യാറാക്കി -സിഡി ലഭ്യമാക്കിയിട്ടില്ല | 3-10 |
| 31 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല 1445000/- രൂപ തടസ്സപ്പെടുത്തുന്നു. | 3-11 |
| 32 | ഹോമിയോ മെഡിക്കൽ ഓഫീസർ പ്രത്യേക ബാങ്ക് അക്കൌണ്ട് സൂക്ഷിക്കുന്നത് സംബന്ധിച്ച് | 3-12 |
| 33 | .കെ.എസ്.ഇ.ബിയുടെ ഡിമാന്റിനെ മാത്രം അടിസ്ഥാനമാക്കി എല്ലാ മാസവും തെരുവ് വിളക്ക് ചാർജ്ജ് ഒടുക്കുന്നു | 3-13 |
| 34 | ഹൈമാസ്റ്റ് ലൈറ്റുകളുടെ മെയിൻറനൻസ് -അധികം ചെലവായ തുക 5420/-രൂപ നിരാകരിക്കുന്നു | 3-14 |
| 35 | ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നത് അനുവദിച്ച തുകയായ 8032/- തടസ്സപ്പെടുത്തുന്നു | 3-15 |
| 36 | ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല. | 3-16 |
| 37 | കാലിതൊഴുത്ത് നിർമ്മാണം-വെറ്ററനിറി സർജൻറെ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല | 3-17 |

| | | |
|---|---|---|
| 38 | പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ്.-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 3-18 |
| 39 | ഗ്രാമീണ ഗ്രന്ഥശാലകൾക്ക് ഫർണിച്ചർ വാങ്ങൽ-തുക തടസ്സപ്പെടുത്തുന്നു | 3-19 |
| 40 | ബയോഗ്യാസ് പ്ലാൻറ് പ്രവർത്തനം -ബയോടെക്കുമായി കരാർ വച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല | 3-20 |
| 41 | പശുവളർത്തൽ-പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ | 3-21 |
| 42 | പശ്ചിമഘട്ട വികസന പദ്ധതിപഞ്ചായത്ത് വിഹിതം നല്കൽ-രേഖകൾ ഹാജരാക്കിയിട്ടില്ല | 3-22 |
| 43 | ജീപ്പിന് റിപ്പയറിംഗ്- നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. | 3-23 |
| 44 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - സാധന ഘടകങ്ങൾ ഉൾപ്പെടുന്ന പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നില്ല | 3-24 |
| 45 | ഹൗസ് വേരിഫിക്കേഷൻ ഓഫീസർമാർക്ക് ഹോണറേറിയം-തനത്ഫണ്ടിൽ നിന്ന് അധികം ചെലവ് ചെയ്ത തുക തിരികെ ലഭ്യമാക്കിയിട്ടില്ല | 3-25 |
| 46 | തെരുവുവിളക്ക് അറ്റകുറ്റപണി-പ്രോജക്ട് മുഖേനയുള്ള ചെലവ് കൂടാതെ തനത് ഫണ്ടിൽ നിന്ന് തുക ചെലവ് ചെയ്തു. | 3-26 |
| 47 | അംഗൻവാടി ഭൌതിക സാഹചര്യം-വൈദ്യുതി, കുടിവെള്ളം-ലഭ്യമാക്കേണ്ടതാണ് | 3-27 |
| 48 | ആശ്രയ പദ്ധതി അവലോകനം | 3-28 |
| 49 | അസാധാരണചെലവുകൾ-ചട്ടപ്രകാരം രേഖകൾ സൂക്ഷിക്കുന്നില്ല | 3-29 |
| 50 | റീ ചാർജ് പിറ്റ്, ഖരമാലിന്യ സംസ്കരണ കുഴിയെടുപ്പ്- അധിക നിരക്ക് നൽകി | 3-30 |
| 51 | കുണ്ടയം ദേശീയ ഗ്ര്രന്ഥശാല-ആസ്തിയിലില്ലാത്ത കെട്ടിടത്തിന് അറ്റകുറ്റപണി നടത്തിയത് | 3-31 |
| 52 | വാഴപ്പാറ-മാങ്കോട് കുടിവെള്ള പദ്ധതി | 3-32 |
| 53 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി – കരാർ ജീവനക്കാരുടെ സെവനപുസ്തകം സൂക്ഷിക്കുന്നില്ല | 3-33 |
| 54 | പാലിയേറ്റീവ് പരിചരണം-മാർഗ്ഗരേഖയ്ക്ക വിരുദ്ധമായ് ചെലവഴിച്ച 16400/- രൂപ നിരാകരിക്കുന്നു | 3-34 |
| 55 | പൊതുമരാമത്ത് പ്രവർത്തികൾക്കുള്ള ബിറ്റുമിൻ-അധിക തുക നൽകൽ-2013-14,2014-15—മാനദണ്ഡങ്ങൾക്കു വിരുദ്ധം | 3-35 |
| 56 | തെരുവ് വിളക്കുകളുടെ വാർഷികപരിപാലനം-199850 രൂപ | 3-36 |

| | | |
|---|---|---|
| | തടസ്സപ്പെടുത്തുന്നു | |
| 57 | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഗ്രാമകേന്ദ്രത്തിന് പെയിൻറടിക്കുന്നതിന് തുക നൽകി | 3-37 |
| 58 | കെ.എസ്.ആർ.ടി .സി ബസ് സ്റ്റേഷന്റെ പ്രവർത്തനത്തിനായി സ്ഥലം വിട്ടുകൊടുത്തത്-കരാർ കാലാവധി അവസാനിച്ചിട്ടും കരാർ പുതുക്കിയില്ല | 3-38 |
| | ഭാഗം 4 | |
| 59 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 60 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 61 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 62 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 63 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 64 | ഓഡിറ്റ് റിക്കവറി | 4-6 |
| 65 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 66 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 67 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |



# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ്/ പുതുക്കിയ ബജറ്റ് 26.3.15 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2016 | 28/07/2016 | ഇല്ല | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 20.1.2017 | നം.കെ.എസ്.എ-കെ.എൽ.എം-പി 6/261/17 തീയതി 14.02.2017 |

അപാകതകൾ

1.മുൻവർഷത്തേതുൾപ്പെടെയുള്ള ആസ്തിയുടെ മൂല്യം തിട്ടപ്പെടുത്തി ഉൾപ്പെടുത്തിയിട്ടില്ല.

2.ബജറ്റ് ഫങ്ഷൻ-ഫങ്ഷനറി അടിസ്ഥാനത്തിലല്ല തയ്യാറാക്കിയിട്ടുള്ളത് എന്നതിനാൽ സാംഖ്യ അക്കൗണ്ട്സുമായി തുലനം ചെയ്യാൻ കഴിഞ്ഞിട്ടില്ല.

3.സെക്രട്ടറി ഒഴികെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ടുകളിൽ നിന്ന് ഈടാക്കുന്ന വാറ്റ്, ആദായനികുതി, ക്ഷേമനിധിവിഹിതം ഇവ വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല.

4മറ്റ് തദ്ദേശസ്ഥാപനങ്ങളിൽ നിന്നുള്ള വരവുകൾ ഡി.ഡി യായി സ്വീകരിക്കുന്നതുമൂലം സുലേഖയിൽ ചെലവ് വിവരങ്ങൾ ഉൾപ്പെടുന്നില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 45562911 |
| വരവ് | 72183466 |
| ആകെ | 117746377 |

| | |
|---|---|
| ചെലവ് | 85308636 |
| നീക്കി ബാക്കി | 32437741 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശത മാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 3125792 | 12881361 | 16007153 | 16007153 | 0 | 100 |
| വികസന ഫണ്ട് എസ്.സി.പി. | 2837006 | 3442305 | 6279311 | 6279311 | 0 | 100 |
| വികസന ഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 2477751 | 12469405 | 14947156 | 14947156 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 1880795 | 3967143 | 5847938 | 5847938 | 0 | 100 |
| 13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് | 2975283 | 9981693 | 10956976 | 10956976 | 0 | 100 |
| പെർഫോമൻസ് | 5205331 | 3454447 | 8659778 | 8659778 | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| ഗ്രാന്റ് | | | | | | |
| എം.എൻ.ആർ. ഇ.ജി.എസ്. | 81382 | 16370686 | 16452068 | 16449834 | 2234 | |
| ബി ഫണ്ട് | 0 | 24367645 | 24367645 | 24367645 | 0 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 263 | 11,21,78316 | 199 | 6,18,19,191 | 0 | 64 | 76 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ-ഇല്ല

## 1-7 തനതു വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 32.59 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 6030004 | 8737500 | +2707496 | 45 |
| നികുതിയേതര വരവുകൾ | 6012928 | 7022837 | +1009909 | 16.79 |
| മറ്റുവരവുകൾ | 6915410 | 9383335 | +2467925 | 36 |
| ആകെ | 18958342 | 25143672 | 6185330 | 32.59 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 198480 | 102 |
| കർഷകതൊഴിലാളി പെൻഷൻ | 3033390 | 350 |

| | | |
|---|---|---|
| വിധവാപെൻഷൻ | 9706760 | 950 |
| വാർദ്ധക്യകാലപെൻഷൻ | 8860230 | 1181 |
| വികലാംഗപെൻഷൻ | 2454825 | 220 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 113960 | 15 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.01.2017 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 28588/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തിൽ തനത് ഫണ്ട് പിരിവ് ഊർജ്ജിതമായി നടക്കുന്നില്ല. ഡി.സി.ബി വരവിനങ്ങളിൽ എല്ലാം തന്നെ കുടിശ്ശിക നിലനിൽക്കുന്നു . പ്രധാന കേന്ദ്രമായ പത്തനാപുരം ജംഗ്ഷനിൽ ധാരാളം വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. എന്നാൽ ഇവയുടെ ലൈസൻസ് എടുക്കുന്നതിനോ തൊഴിൽനികുതി ഈടാക്കുന്നതിനോ ഉള്ള ശ്രമങ്ങൾ ഉണ്ടാകുന്നില്ല. പ്രധാന കേന്ദ്രങ്ങളിലെല്ലാം തന്നെ പരസ്യബോർഡുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും പരസ്യനികുതി ഇനത്തിൽ യാതൊരു വരുമാനവും പഞ്ചായത്തിന് ഇല്ല. ഗ്രാമപഞ്ചായത്തിന്റെ അറിവോ സമ്മതമോ കൂടാതെയാണ് മേൽ പരസ്യബോർഡുകൾ സ്ഥാപിച്ചിട്ടുള്ളത്.രജിസ്റ്ററുകളും രേഖകളും സൂക്ഷിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല. ആസ്തി രജിസ്റ്ററിൽ ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെടുത്തുന്നില്ല. കരാറുകൾ , ഉടമ്പടികൾ എന്നിവ സൂക്ഷിക്കുന്നതിലും യഥാസമയം പുതുക്കുന്നതിലും വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ല.നിലവിൽ ഇടപാടുകൾ നടത്താതെ നിഷ്ക്രിയമായി കിടക്കുന്ന തനത് ഫണ്ട് അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23/12/2016 മുതൽ 24.12.2016 | 11/2016 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറ ലിന്റെ ഓഡിറ്റ് | 10.1.2017 മുതൽ 21.1.2017 വരെ | 2011-12മുതൽ 2015-16വരെ | ,, ,, |

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 പരസ്യ നികുതി ഈടാക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209, ഉപവകുപ്പുകൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് പ്രദർശിപ്പിക്കുന്ന പരസ്യങ്ങളിൻമേൽ ഗ്രാമപഞ്ചായത്തിനു നികുതി പിരിക്കാവുന്നതും ഇതിനുള്ള അവകാശം ലേലം ചെയ്തു നൽകാവുന്നതുമാണ്. പഞ്ചായത്ത് ഡയറക്ടറുടെ 18.05.2005-ലെ സി-5-15253/04 ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച മാതൃകാ ബൈലോയുടെ അടിസ്ഥാനത്തിൽ ബൈലോ രൂപീകരിച്ച് അംഗീകാരം വാങ്ങി പരസ്യ നികുതി പിരിച്ച് തനതു വരുമാനത്തിലേക്കു മുതൽ കൂട്ടുന്നതിനു ഗ്രാമപഞ്ചായത്ത് യാതൊരു വിധ നടപടികളും സ്വീകരിച്ചിട്ടില്ല. പഞ്ചായത്തിലെ വിവിധ റോഡരികുകളിലും സ്വകാര്യ വ്യക്തികളുടെ സ്ഥലങ്ങളിലും ചെറുതും വലുതുമായ ധാരാളം പരസ്യങ്ങളും , ഹോർഡിംഗുകളും സ്ഥാപിച്ചിട്ടുണ്ട്. സ്വകാര്യ വ്യക്തികൾക്ക് വാടക നൽകിയാണ് പല ബോർഡുകളും സ്ഥാപിച്ചിരിക്കുന്നത്. പരസ്യ ബോർഡുകളിൽ നിന്നും നല്ലൊരു വരുമാനം ലഭിക്കുവാനുള്ള സാധ്യത ഗ്രാമപഞ്ചായത്ത് പ്രയോജനപ്പെടുത്തുന്നില്ല.

ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 21.02.2013 ലെ WP(C) നമ്പർ 27011/2012 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ 25.10.2013 ൽ പുറപ്പെടുവിച്ച എൽ.എസ് .ജി (ആർ.സി) വകുപ്പിന്റെ 71806/RC2/2012/LSGD നമ്പർ സർക്കുലർ പ്രകാരം ഗതാഗത തടസ്സമുണ്ടാക്കുന്ന രീതിയിൽ റോഡുകൾ , റോഡരികുകൾ എന്നിവിടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള പരസ്യങ്ങൾ, ഹോർഡിംഗുകൾ, കമാനങ്ങൾ എന്നിവ നീക്കം ചെയ്യണമെന്ന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളോട് നിർദ്ദേശിച്ചിട്ടുണ്ട്. സുഗമമായ ഗതാഗതത്തിനു വിഘ്നം സൃഷ്ടിക്കുന്ന തരത്തിൽ വാഹന യാത്രക്കാരുടെയും കാൽനട യാത്രക്കാരുടെയും കാഴ്ച തടസ്സപ്പെടുത്തിക്കൊണ്ടും അപകടകാരണമായേക്കാവുന്ന രീതീയിലും ട്രാഫിക് ഐലന്റ്, മീഡിയൻ,ഫുട് പാത്ത് തുടങ്ങി ഏതിടങ്ങളിലും സ്ഥാപിച്ചിട്ടുള്ള പരസ്യങ്ങൾ സ്വമേധയാ ഗ്രാമ പഞ്ചായത്തിനു നീക്കം ചെയ്യാവുന്നതാണെന്നു സർക്കുലർ നിർദ്ദേശിക്കുന്നു. നിയതമായ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ രൂപീകരിക്കുന്ന ബൈലോ ഉപയോഗിച്ചുള്ള പരസ്യ നികുതി പിരിവിലൂടെ പഞ്ചായത്തിനു തനതു വരുമാനം വർദ്ധിപ്പിക്കാവുന്നതും ഹൈക്കോടതിയുടെയും സർക്കാരിന്റെയും നിർദ്ദേശങ്ങൾ പാലിച്ച് സുഗമമായ യാത്രാ സൗകര്യം ഉറപ്പാക്കിക്കൊണ്ട് അനധികൃത പരസ്യങ്ങൾ ഒഴിവാക്കാവുന്നതുമാണ്.

### 2-2 ലേലത്തുക അടവാക്കാതെ ഡെപ്പോസിറ്റ് തിരികെ നൽകി നഷ്ടം 5000/-രൂപ

പത്തനാപുരം കല്ലുംകടവിലെ പഞ്ചായത്ത് വക പ്രൈവറ്റ് ബസ്സ്സ്റ്റാൻറിൽ നിന്നും ഫീസ് പിരിക്കുന്നതിനുള്ള അവകാശത്തിനായി 19-3-2015 ൽ നടന്ന ലേലത്തിൽ ശ്രീ.ഹംസ(അബ്ദുൾ സലാം) ,ഹംനാ മൻസിൽ, മഞ്ചള്ളൂർ എന്ന വ്യക്തിക്ക് 107000/-രൂപയ്ക്ക് താൽക്കാലികമായി സ്ഥിരപ്പെടുത്തി നൽകി. 19-3-2015 ലെ 3(5) -ാം നം. തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി ടി ലേലം അംഗീകരിക്കുകയും ചെയ്തു.ഡെപ്പോസിറ്റ് തുകയായ 5000/-രൂപ ലേലക്കാരൻ 19-3-2015 ലെ രസീത് നം. 1140110976 പ്രകാരം ഒടുക്ക് വരുത്തി. തുടർന്ന് ലേലതുക 19-3-2015 ലെ രസീതു നം.11401110982,20-3-15 ലെ രസീതുനം.11401111041പ്രകാരം യഥാക്രമം 50000/-രൂപ,52000/- രൂപ അങ്ങനെ ആകെ 102000/-രൂപ ഒടുക്കുകയും ചെയ്തു.എന്നാൽ ലേല തുകയിൽ 5000/-രൂപ ഈടാക്കാൻ അവശേഷിച്ചിരിക്കെ 15-3-16 ലെ നം.21501167വൗച്ചർ പ്രകാരം ഡെപ്പോസിറ്റ് തുകയായ 5000/-രൂപ തിരികെ നൽകുകയും ചെയ്തു.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7,21-1-17) തുക ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭിച്ചിട്ടുണ്ട്.ആയത് അടിയന്തിരമായി ഈടാക്കാത്തപക്ഷം ബാധ്യതയായി നിശ്ചയിച്ച് സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-3 വനം നികുതി ഒടുക്ക് വരുത്തിയിട്ടില്ല സർക്കാരിന് നഷ്ടം

പൂങ്കുളഞ്ഞി ഗവ.യൂ.പി.എസ്സ് പരിസരത്തുള്ള അമ്പഴം, അക്കേഷ്യമാവ് മുറിച്ച് മാറ്റിയത് സംബന്ധിച്ച ലേലം 14-5-15 ൽ നടന്നു. ഇതിൻപ്രകാരം കൊല്ലം സോഷ്യൽ ഫോറസ്റ്ററി ഡിവിഷനിലെ അസിസ്സ്റ്റൻറ് ഫോറസ്റ്റ് കൺസർവേറ്ററിൽ നിന്നും വിലനിർണ്ണയം സംബന്ധിച്ച 27-3-15 ലെ SA4 218/15നം,കത്തിൽ ലേല തുകയുടെ (മരവില + നികുതിയുടെ) 5% തുക വനവികസന നികുതിയായി ഈടാക്കി വനംവകുപ്പിൻെറ 8782-00-103-99-FR എന്ന ശീർഷകത്തിൽ ഡിവിഷൻ കോഡ് 2/01 ആയി സർക്കാർ ഖജനാവിൽ ഒടുക്കി ചെല്ലാൻ ഓഫീസിൽ അയച്ച് തരേണ്ടതാണെന്ന് അറിയിച്ചിട്ടുണ്ട്.

ലേലതുക-28000/-രൂപ

വാറ്റ്-3920/-രൂപ

വനവികസന നികുതി-1596/-രൂപ

ആകെ-33516/-രൂപ

ടി ലേലക്കാരനിൽ നിന്നും 15-5-15 ലെ 11501101141 ാം നം. രസീത് പ്രകാരം വനവികസന നികുതി 1596/-രൂപ ഉൾപ്പെടെ 33516/-രൂപ ഈടാക്കിയിട്ടുണ്ടെങ്കിലും സർക്കാർ ഖജനാവിൽ ഒടുക്ക് വരുത്തിയിട്ടില്ല.ആയത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം.7,21-1-17)ടി തുക മൂല്യ വർദ്ധിത നികുതിയായി ഒടുക്ക് വരുത്തിയിരിക്കുകയാണെന്നും അപാകത പരിഹരിക്കാമെന്നും മറുപടി ലഭിച്ചിട്ടുണ്ട്.ആയത് അടിയന്തിരമായി സർക്കാർ ഖജനാവിലേക്ക് മുതൽ കൂട്ടേണ്ടതാണ്.

## 2-4 ഡി ആൻറ് ഒ ലൈസൻസ് അപാകതകൾ

വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്നതിന് പട്ടിക 3 പ്രകാരമുള്ള നിശ്ചിത ഫീസ് ഈടാക്കാം (ചട്ടം 18). 2015-16 സാമ്പത്തിക വർഷത്തിലെ ഡി ആൻറ് ഒ ലൈസൻസ് അപേക്ഷകളും രജിസ്റ്ററും പരിശോധിച്ചതിൽ, അപ്രകാരം ഈടാക്കിയതിൽ 1700/- രൂപയുടെ കുറവ് സംഭവിച്ചിട്ടുണ്ട് . വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിൻെറ പേര്/ ലൈസൻസ് നം | വാർഡ് നം./ കെട്ടിട നം. | യന്ത്രശക്തി (Hp) | ഈടാക്കേണ്ട ഫീസ് (രൂപ) |
|---|---|---|---|
| ഷൺമുഖാ വുഡൻ ഫർണിച്ചർ മാർട്ട് | 16/159 | 11 | 100 |
| എൽ സി ഫാക്ടറി | 6/388 | 200 | 1000 |
| ടൗൺ ഫ്ളോർ മിൽ | 2/253 | 20 | 100 |
| മംഗലത്തിൽ സോ മിൽ | 12/192 | 35 | 200 |
| സെൻൻറ് മേരീസ് സോ മിൽ | 16/507 | 33 | 300 |
| കിച്ചൂസ് ഫ്ളോർ മിൽ | 19/598 | 15 | 100 |

പഞ്ചായത്തിൻെറ വരവിനത്തിൽ നഷ്ടമായ 1700/- രൂപ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10,25-1-2017) തുക ഈടാക്കി അറിയിക്കാം എന്ന് മറുപടി നൽകിയിട്ടുണ്ട്.

എല്ലാ വർഷവും പുതുക്കേണ്ടതായ ട്രേഡേഴ്സ് ലിസ്റ്റ് പഞ്ചായത്ത് പുതുക്കുന്നില്ല.ഇതു മൂലം പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന എല്ലാ കച്ചവടക്കാരുടെയും വിവരങ്ങൾ കാലാനുസൃതമായി പഞ്ചായത്തിൽ ലഭ്യമല്ലാതെ വന്നിരിക്കുകയാണ്.കേരള പഞ്ചായത്ത് രാജ് സെക്ഷൻ 232,233,234 എന്നീ വകുപ്പുകൾ പ്രകാരം പഞ്ചായത്തിൻെറ പ്രവർത്തിക്കുന്ന എല്ലാ വ്യാപാര സ്ഥാപനങ്ങളും പഞ്ചാത്തിൽ നിന്ന് ലൈസൻസ് എടുത്ത് എല്ലാ വർഷവും ലൈസൻസ് പുതുക്കി നിയമവിധേയമായി സ്ഥാപനം നടത്തണമെന്ന് നിഷ്കർഷിക്കുന്നു.എന്നാൽ വാണിജ്യപരമായി മുന്നോട്ട് നിൽക്കുന്ന പത്തനാപുരം

ഗ്രാമപഞ്ചായത്തിൽ ലൈസൻസില്ലാതെ വ്യാപാരികൾ പ്രവർത്തിക്കുന്നുണ്ട്. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതും, അപേക്ഷകളിൽ ദിവസേനയുള്ള വിറ്റ് വരവ് രേഖപ്പെടുത്തിയിട്ടുണ്ടായെന്നും ശ്രദ്ധിക്കേണ്ടതും, 30 മൈക്രോൺ താഴെയുള്ള പ്ളാസ്റ്റിക് ക്യാരി ബാഗുകൾ ഉപയോഗിക്കുന്നില്ലായെന്ന് വ്യാപാരികളിൽ നിന്ന് സാക്ഷ്യപ്പെടുത്തി വാങ്ങേണ്ടതുമാണ്.

## 2-5 <u>തൊഴിൽ നികുതി</u>

കേരള പഞ്ചായത്ത് രാജ് നിയമം 204(2) അനുശാസിക്കുന്നത് ആകെക്കൂടി അറുപത് ദിവസത്തിൽ കുറയാതെ ആ പഞ്ചായത്ത് പ്രദേശത്ത് താമസിച്ച് കൊണ്ട് അതിനു വെളിയിലോ ,ഒരു തൊഴിലിലോ ,കലയിലോ,ജോലിയിലോ,ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ്സ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു.എന്നാൽ പത്തനാപുരം ഗ്രാമപഞ്ചായത്തിൽ ചുവടെ പറയുന്നവയിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

1. ലൈസൻസുള്ള ആധാരം എഴുത്തുകാർ

2. റേഷൻ കടകൾ

3. സ്വകാര്യ പ്രാക്ടീസ് നടത്തുന്ന ആയുർവേദ ഡോക്ടർമാർ

4. സ്വകാര്യ പ്രാക്ടീസ് നടത്തുന്ന ഹോമിയോ ഡോക്ടർമാർ

5. സ്വകാര്യ പ്രാക്ടീസ് നടത്തുന്ന അലോപ്പതി ഡോക്ടർമാർ

6. നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന വിവിധ കരാറുകാർ

മേൽ സൂചിത അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20,27-1-17) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-6 <u>ഷോപ്പിംഗ് കോംപ്ളക്സ് വാടക **123858/-**രൂപ ഈടാക്കാൻ അവശേഷിക്കുന്നു</u>

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ളക്സിൽ നിന്നും താഴെ പറയും പ്രകാരം വാടക ഈടാക്കാൻ അവശേഷിക്കുന്നു.

| സ്റ്റാൾ നം. | വാടകക്കാരൻെറ മേൽവിലാസം | ഈടാക്കാൻ അവശേഷിക്കുന്ന തുകകൾ |
|---|---|---|
| 64 | ബിജു ഡാനിയേൽ<br>തോട്ടത്തിൻ കാലായിൽ | 4614 x 12 =55368 |
| 65 | മാനേജർ<br>ദേശാഭിമാനി | 531 x 12 = 6372 |
| 144 | പ്രസിഡൻറ് | 234 x 12 = 2808 |

| | | |
|---|---|---|
| | പ്രസ്സ് ക്ളബ്ബ് | |
| 35 SP 3 | നാരായണി<br>സാലിഭവൻ | 2580 x 12 = 30960 |
| 39 SP 7 | ഷാജി<br>ലക്ഷ്മി നിവാസ് | 2835 x 10 = 28350 |
| | ആകെ | 123858/-രൂപ |

മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും വാടക കുടിശ്ശിക ഈടാക്കാൻ ത്വരിതനടപടി സ്വീകരിക്കേണ്ടതും പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കേണ്ടതുമാണ് .

## 2-7 വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു

വാർഷിക ധനകാര്യ പത്രിക പ്രകാരം 3489792/- രൂപ (ലൈബ്രറി സെസ് ഉൾപ്പെടെ) വസ്തുനികുതി ഇനത്തിൽ കുടിശ്ശികയുണ്ട്. മൊബൈൽ ടവറുകളുടേതുൾപ്പെടെ വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കുവാനവശേഷിക്കുന്നു. നികുതി കുടിശ്ശികക്കാർക്കെതിരെ 1996 ലെ കേരള പഞ്ചായത്ത് രാജ് (നികുതി നിർണ്ണയവും ഈടാക്കലും അപ്പീലും ചട്ടങ്ങൾ) ചട്ടം-14,15പ്രകാരം നടപടികൾ ആരംഭിക്കേണ്ടതാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 243 പ്രകാരം നികുതി ഈടാക്കുന്നതിനായി ജപ്തി, വ്യവഹാരം, പ്രോസിക്യൂഷൻ നടപടി ആദ്യമായി ആരംഭിക്കാൻ നിയമാനുസൃതം യോഗ്യമായ തീയതിമുതൽ മൂന്നു വർഷക്കാലയളവിൽ ജപ്തിയോ വ്യവഹാരമോ പ്രോസിക്യൂഷനോ ആരംഭിക്കാത്ത പക്ഷം ആയത് കാലഹരണപ്പെട്ട് പോകുന്നതാണ്. ഇപ്രകാരം പഞ്ചായത്തിന് കിട്ടേണ്ട ഏതെങ്കിലും നികുതിയോ മറ്റ് സംഖ്യയോ കാലഹരണം മൂലം പിരിച്ചെടുക്കാൻ കഴിയാതെ വന്നാൽ, ആയത് ഏതെങ്കിലും ഉദ്യോഗസ്ഥന്റെ വീഴ്ചമൂലമാണെങ്കിൽ പഞ്ചായത്തിനുണ്ടായ നഷ്ടം 12% പലിശ സഹിതം ആയതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണെന്ന് സെക്ഷൻ 243(3)-ൽ വ്യക്തമാക്കിയിട്ടുണ്ട്. നികുതി കുടിശ്ശികയുടെ പിരിവ് ഊർജിതമാക്കുന്നതിന് സ്പെഷ്യൽ ഡ്രൈവുകൾ (ക്യാമ്പ് കളക്ഷൻ പോലുള്ളവ) സംഘടിപ്പിക്കേണ്ടതും അടിയന്തിര നടപടികൾ സ്വീകരിച്ച് കുടിശ്ശികത്തുക പൂർണ്ണമായി പിരിച്ചെടുക്കേണ്ടതുമാണ്.

## 2-8 രസീത് ബുക്കിലെ അപാകതകൾ

ആർ.മനോഹരൻ പിള്ള എന്ന ജീവനക്കാരൻ ഉപയോഗിച്ച രസീത് ബുക്ക് നം. 30028 ലെ 2-2-16 തീയതിയിലെ 1 മുതൽ 52 വരെയുള്ള പേജുകളിലെ കളക്ഷൻ തുക 32165/-രൂപയാണ്.എന്നാൽ 2-2-16ൽ പഞ്ചായത്തിൽ രസീത് 11501107172 പ്രകാരം 31964/-രൂപയാണ് ഒടുക്ക് വരുത്തിയിരിക്കുന്നത്.കുറവ് വന്ന തുകയായ 201/-രൂപയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.5,19-1-17)മറുപടി ലഭിച്ചിട്ടില്ല. ടി തുക ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-9 കെട്ടിട നമ്പറിംഗ് സംബന്ധിച്ച്

ശ്രീ. സാബു, സബൂർ ഭവനം, പാതിരിക്കൽ എന്നയാളുടെ കെട്ടിടം നമ്പർ ഇട്ട് നികുതി ഈടാക്കാനായി നൽകിയ കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം താഴെ പറയും പ്രകാരമാണ്.

താഴത്തെ നില----78(വാണിജ്യം)

ഒന്നാം നില-------78(പാർപ്പിടം)

രണ്ടാം നില-------78(പാർപ്പിടം)

സ്റ്റെയർ കാബിൻ -13.33

എന്നാൽ ടി കെട്ടിടങ്ങൾക്ക് നമ്പർ നൽകിയിരിക്കുന്നത് താഴെ പറയും പ്രകാരമാണ്.

XVIII 736 16M2 താഴത്തെ നില (വാണിജ്യം)

XVIII 737 15M2 താഴത്തെ നില(വാണിജ്യം)

XVIII 738 16M2 താഴത്തെ നില(വാണിജ്യം)

XVIII 739 84M2 ഒന്നാം നില(പാർപ്പിടം)

XVIII 736 84M2 രണ്ടാം നില

(പാർപ്പിടം)

കംപ്ലീഷൻ പ്ലാൻ പ്രാകാരമുള്ള 78M2 ൽ ആകെ 47m2 മാത്രം നമ്പർ ഇട്ട് നികുതി ഈടാക്കിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

## 2-10 ചെക്ക് നാലുമാസം കയ്യിൽ സൂക്ഷിച്ചത് നിയമപ്രകാരമല്ല

ചീഫ് മെഡിക്കൽ ഓഫീസർ ഹോമിയോ നൽകിയ ചെക്കിന് രസീത് നൽകിയത് നാലുമാസത്തിനു ശേഷം ആണ്. 21-03-2016 തീയതിയിലെ 829138 നമ്പർ ചെക്ക് പ്രകാരം 23429/-രൂപാ സെക്രട്ടറിക്ക് നൽകി. ആയത് ആ ദിവസം തന്നെ മെഡിക്കൽ ഓഫീസർ ,ഹോമിയോപ്പതിയുടെ കാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 8-7-2016 ലെ 104/2016/ജി.എച്ച്.ഡി.പി. നമ്പർ കത്ത് പ്രകാരം ടി ചെക്ക് ചീഫ് മെഡിക്കൽ ഓഫീസർ ഹോമിയോ റീ വാലിഡേറ്റ് ചെയ്ത് വീണ്ടും നൽകി 27-7-16 തീയതിയിലെ 11601500010 നമ്പർ രസീത് പ്രകാരം വരവിലെടുത്തിരിക്കുന്നു. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/19.1.17) മറുപടിയായി ആദ്യം രസീത് നൽകിയിരുന്നില്ലെന്നും പിന്നിട് റീ വാലിഡേറ്റ് ചെയ്യാൻ ആവശ്യപ്പെട്ടതിനെ തുടർന്ന് അങ്ങനെ ചെയ്തത് എന്നറിയിച്ചിട്ടുണ്ട്. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയ പ്രവൃത്തികൾ– മാർഗ്ഗ നിർദ്ദേശം പാലിക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ 2015-16 വർഷം ഏറ്റെടുത്ത് നടപ്പാക്കിയ പ്രവർത്തികളിൽ കേവലം 5 ൽ താഴെയുള്ള പ്രവർത്തികൾ മാത്രമേ കരാറുകാർ മുഖേന നിർവ്വഹിച്ചിട്ടുള്ളൂ. കൺവീനർമാർ മുഖേന നടപ്പാക്കിയ പ്രവൃത്തി ഫയലുകൾ മിക്കവയും അപൂർണ്ണവും ക്രമപ്രകാരവുമല്ല. സർക്കാർ ഉത്തരവുകൾ പാലിക്കാതെയും തികച്ചും നിരുത്തരവാദപരവുമായിട്ടാണ് മിക്ക പ്രവൃത്തി ഫയലുകളും സൂക്ഷിച്ചിട്ടുള്ളത്. ഫയലുകൾ പരിശോധിച്ചതിൽ കണ്ട പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

1)പണമിടപാടുകൾ നടത്തുന്നത് സംയുക്ത അക്കൗണ്ടിലൂടെയല്ല-

പൊതുമരാമത്ത് പ്രവൃത്തി ചട്ടങ്ങൾ പ്രകാരം ഗുണഭോക്തൃസമിതി രൂപീകരിച്ച് കൺവീനർ, ചെയർമാൻ എന്നിവരുടെ പേരിലുള്ള സംയുക്ത അക്കൗണ്ടിലൂടെ മാത്രമേ പണമിടപാട് നടത്താവൂ എന്ന നിർദ്ദേശം പാലിച്ചിട്ടില്ല. തുക ഡിഡി, ചെക്കായി കൺവീനറുടെ പേർക്ക് നൽകുന്ന രീതി പിൻതുടർന്ന് കാണുന്നു.

2)സാധനങ്ങൾ വാങ്ങുന്ന ആധികാരിക ക്യാഷ് ബില്ലുകൾ, തൊഴിലാളികളുടെ പൂർണ്ണവിവരം രേഖപ്പെടുത്തി തീയതി വച്ച് ഒപ്പ് രേഖപ്പെടുത്തിയ മസ്റ്റർ റോൾ ഇവ സൂക്ഷിക്കുന്നില്ല.

3)വിവിധ പ്രവൃത്തികളിൽ ഒരാൾ തന്നെ ഗുണ.സമിതി കൺവീനറായി പ്രവൃത്തി നിർവ്വഹിച്ചുകാണുന്നു.

ഇത്തരത്തിൽ നിർവ്വഹിച്ച ഏതാനും പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | കൺവീനർ | എം. ബുക്ക് നം | പ്രവൃത്തിയുടെ ചെലവ്,ബിൽ നം | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | പൂങ്കുളഞ്ഞി-പത്തേക്കർ റോഡ് സൈഡ്കെട്ട് (208-16) | ശ്രീമതി നസീമ ഷാജഹാൻ | 91-16 | 205000 (72/ 10.12.15) | കൺവീനർ ഹാജരാക്കിയ മെറ്റൽ ,മണൽ എന്നിവ വാങ്ങിയ 137400/-രൂപയുടെ വൗച്ചറിൽ (കൈപ്പറ്റ് രസീത്) സാധനം സപ്ലൈചെയ്ത ശ്രീ.സുജിത് തുക കൈപ്പറ്റിയതായി ഒപ്പ് രേഖ-പ്പെടുത്തിയിട്ടില്ല. കൂടാതെ പ്രവൃത്തി നിർവ്വഹണം നടത്തിയതായി കാണിച്ച് ഹാജരാ-ക്കിയിട്ടുള്ള 56900/- |

| | | | | | |
|---|---|---|---|---|---|
| | | | | | രൂപയുടെ മസ്റ്റർ റോളിൽ തൊഴിലാളികൾ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. |
| 2 | മടത്തറ മേലതിൽ കോളനി എസ്.സി.ഗുണഭോക്താക്കളുടെ വസ്തുവിൽ സെരക്ഷണഭിത്തി, 131-16 | ശ്രീ.ബിജു | 41-15-16 | 20000 (56-15.10.15) | പ്രവൃത്തി നിർവ്വഹണം നടത്തിയതായി കാണിച്ച് ഹാജരാക്കിയിട്ടുള്ള 187060/- രൂപയുടെ മസ്റ്റർ റോളിൽ തൊഴിലാളികൾ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. |
| 3 | മടത്തറ മേലതിൽ റോഡ് സൈഡ്കെട്ട്,130-16 | ശ്രീ.ബിജു | 42-15.16 | 107888 (54-15.10.15) | പ്രവൃത്തി നിർവ്വഹണം നടത്തിയതായി കാണിച്ച് ഹാജരാക്കിയിട്ടുള്ള 49600/- രൂപയുടെ മസ്റ്റർ റോളിൽ തൊഴിലാളികൾ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.<br>ഗുണഭോക്തൃ സമിതി കൺവീനറായി തെരെഞ്ഞെടുത്തിട്ടുള്ളത് ഒരേ വ്യക്തി തന്നെയാണ് (കരാർ ചമയ്ക്കാൻ വാങ്ങിയ മുദ്ര പത്രത്തിലും ഗുണഭോക്തൃസമിതി മിനിട്സ് ബുക്കിലും കരാറിലും ടിയാൻ |
| 4 | ഉടയൻചിറകോളനി(വാർഡ്-4) എസ്.സി.ഗുണഭോക്താക്കളുടെ ഭൂമിയിൽ സംരക്ഷണ ഭിത്തി, 209-16 | ശ്രീ.അജി, സിന്ധുഭവനം, പനവിള | 108-15.16 | 99967 (134-17.3.16) | |

| | | | | | |
|---|---|---|---|---|---|
| | | | | | തന്നെയാണ് കൺവീനർ. രണ്ട് പ്രവൃത്തി-കളുടേയും ചെയർ മാനായി ശ്രീമതി. സിന്ധു, സിന്ധു ഭവനത്തിനെയാണ് തെരെഞ്ഞെടു ത്തിട്ടുള്ളത്. വിവിധ വാർഡുകളിലെ പ്രവൃത്തികളുടെ കൺവീനർ ഒരേ വ്യക്തിയായതിന് വിശദീകരണം ലഭ്യമാ ക്കേണ്ടതാണ്. |
| 5 | വട്ടപ്പാറ കോളനി (വാർഡ്-3) എസ്.സി.ഗുണഭോക്താക്കളുടെ ഭൂമിയിൽ സംരക്ഷണ ഭിത്തി, 129-16 | ശ്രീ.അജി, സിന്ധുഭവനം, പനവിള | 107-15.16 | 198408 (130-18.3.16) | |
| 6 | കാരംകോട് മൂലക്കട റോഡിൽ ഡ്രയിനേജ് , 122-16 | ശ്രീ.ബാബുഖാൻ | 100-15.16 | 472000 (119/ 27.2.16) | കൺവീനർ ഹാജരാ ക്കിയ മെറ്റൽ ,മണൽ എന്നിവ വാങ്ങിയ199000/- രൂപയുടെ വൗച്ചറിലും (സാധനം സപ്ലൈചെയ്ത ശ്രീ.ബിജു തുക കൈപ്പറ്റിയതായി കാണിച്ച് നൽകിയ കൈപ്പറ്റ് രസീത്), പലക ,മെഷീൻ, വൈബ്രേറ്റർ എന്നിവ 15000/- രൂപയ്ക്ക് വാടകയ്ക്ക് നൽകിയ വൗച്ചറിലും(സാധനം സപ്ലൈചെയ്ത ശ്രീ. ഷാഹുൽ തുക കൈപ്പറ്റിയതായി |

| | | | | | |
|---|---|---|---|---|---|
| | | | | | കാണിച്ച് നൽകിയ കൈപ്പറ്റ് രസീതിലും) ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ പ്രവൃത്തി നിർവ്വഹണം നടത്തിയതായി കാണിച്ച് ഹാജരാക്കിയിട്ടുള്ള 115900/- രൂപയുടെ മസ്റ്റർ റോളിൽ തൊഴിലാളികൾ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. ഗുണഭോക്തൃസമിതി അംഗീകരിച്ച ചെലവ് കണക്കുപ്രകാരം 141450/-രൂപ സിമന്റ് വാങ്ങിയതിനായി ചെലവഴിച്ചുകാണുന്നു. അംഗീകൃത ബിൽ ഫയലിൽ ഉൾക്കൊള്ളിച്ചിട്ടില്ല. |
| 7 | ഊട്ടിവിളപ്പടി പുതുപറമ്പിൽ റോഡ് സൈഡ് വൈഡനിംഗ്,212-16 | ശ്രീ.ഷംസുദീൻ | 13-15.16 | 237388 (24/ 26.8,15) | കൺവീനർ ഹാജരാക്കിയ മെറ്റൽ ,മണൽ എന്നിവ വാങ്ങിയ വൗച്ചറിൽ (87500/- രൂപയുടെ കൈപ്പറ്റ് രസീത്) സാധനം സപ്ലൈ ചെയ്ത ശ്രീ.സുജിത് തുക കൈപ്പറ്റിയതായി ഒപ്പ് രേഖപ്പെടു |

| | | | | | |
|---|---|---|---|---|---|
| | | | | | ത്തിയിട്ടില്ല. കൂടാതെ പ്രവൃത്തി നിർവ്വഹണം നടത്തിയതായി കാണിച്ച് ഹാജരാക്കി യിട്ടുള്ള 71500/- രൂപയുടെ മസ്റ്റർ റോളിൽ തൊഴിലാളികൾ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. |
| 8 | ബയോഗ്യാസ് പ്ലാന്റ്-സംരക്ഷണഭിത്തി ,191-16 | ശ്രീമതി.സുലോചന | 85-14.15 | 298285 (9/ 15.8.15) | ഗുണഭോക്തൃസമിതി 301050/- രൂപയുടെ ചെലവ് അംഗീകരിച്ചി ട്ടുള്ളതിൽ 68550/- രൂപ മസ്റ്റർ റോൾ പ്രകാരമുള്ള ചെലവാണ്. മസ്റ്റർ റോളിൽ തൊഴിലാ -ളികൾ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. 3 മസ്റ്റർ റോളുകൾ ഉപയോഗിച്ചിട്ടു-ള്ളതിൽ മൂന്നാമത്തേ-തിൽ 7 പേരുടെ അറ്റൻഡൻസ് മാർക്ക് ചെയ്തിട്ടില്ല. |
| 9 | കുടുംബക്ഷേമ ഉപകേന്ദ്രം മെയിന്റനൻസ്, 250/16 | എ.ജമാൽ | 67/15.16 | 400000 (79/ 23.12.15) | കൺവീനർ ഹാജരാക്കിയ മെറ്റൽ ,മണൽ എന്നിവ വാങ്ങിയ 20700/- രൂപയുടെ വൗച്ചറിലും (സാധനം സപ്ലൈചെയ്ത |

| | | | | | | |
|---|---|---|---|---|---|---|
| | | | | | ശ്രീ.സൂജിത്ത് തുക കൈപ്പറ്റിയതായി കാണിച്ച് നൽകിയ കൈപ്പറ്റ് രസീത്), റൂഫിംഗ്, സ്റ്റെയർകേസ് എന്നിവ ചെയ്ത വകയിൽ ശ്രീ. സൈനുദ്ദീനു നൽകിയ 28000/- രൂപയുടെ വൗച്ചറിലും(സാധനം സപ്ലൈചെയ്ത ശ്രീ.സൈനുദ്ദീനു തുക കൈപ്പറ്റി യതായി കാണിച്ച് നൽകിയ കൈപ്പറ്റ് രസീതിലും) , ടൈൽ,ഇന്റർ ലോക്ക് പ്രവൃത്തി നടത്തിയ ശ്രീ. രാമു 70000/- രൂപ കൈപ്പറ്റിയ വൌച്ചറിലും ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ പ്രവൃത്തി നിർവ്വഹണം നടത്തിയതായി കാണിച്ച് ഹാജരാക്കിയിട്ടുള്ള 12900/- രൂപയുടെ മസ്റ്റർ റോളിൽ തൊഴിലാ ളികൾ ഒപ്പ് രേഖപ്പെടു ത്തിയിട്ടില്ല.ഗുണഭോക്തൃ സമിതി അംഗീകരിച്ച ചെലവ് കണക്കു പ്രകാരം 141450/- രൂപ സിമന്റ് വാങ്ങിയതി നായിചെലവഴിച്ചു കാണുന്നു. അംഗീകൃത ബിൽ ഫയലിൽ ഉൾക്കൊള്ളിച്ചിട്ടില്ല. | |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 10 | ഗവ.യു.പി.എസ്. മെയിന്റനൻസ്, 260/16 | ശ്രീ.രാധാകൃഷ്യമൻ | 30/15.16 | 198927 (154-31.3.16) | ഗുണഭോക്തൃ സമിതി അംഗീകരിച്ച ചെലവ് 189000/-<br><br>രൂപയിൽ 60000/-രൂപ പെയിന്റിംഗിനായും 129000/-രൂപ ഇന്റർ ലോക്കിം ഗിനായും ചെലവഴിച്ച കാണുന്നു. ആധികാരിക വൌച്ചർ ലഭ്യമാക്കിയിട്ടില്ല. |
| 11 | കല്ലുംകടവ് ബസ്റ്റാന്റ്-കുടിവെള്ളവും ശൌചാലയവും ഒരുക്കൽ,164/16 | ശ്രീ,ഷാജഹാൻ | 139/15-16 | 600310 (159-31.3.16) | ഗുണഭോക്തൃ സമിതി മിനട്ട്സ് ബുക്ക്, വൌച്ചറുകൾ ഇവ ലഭ്യമല്ല. സമിതി ചെലവ് അംഗീകരിച്ചിട്ടില്ല. |
| 12 | ഇടത്തറ അംഗൻവാടി നം.56-മെയിന്റനൻസ്, 262/16 | | 65/15.16 | 409190<br><br>(80-23.12.15) | കൺവീനർ ഹാജരാക്കിയ സിമന്റ് കട്ട,മണൽ എന്നിവ വാങ്ങിയ 21300/- രൂപയുടെ വൗച്ചറിലും |

| | | | | | |
|---|---|---|---|---|---|
| | | | | | (സാധനം സപ്ലൈ ചെയ്ത ശ്രീ.സുജിത്ത് തുക കൈപ്പറ്റിയതായി കാണിച്ച് നൽകിയ കൈപ്പറ്റ് രസീത്), റൂഫിംഗ്, കിനർ ഗ്രിൽ വർക്ക് എന്നിവ ചെയ്ത വകയിൽ ശ്രീ. സൈനുദ്ദീൻ നൽകിയ 22000/- രൂപയുടെ വൗച്ചറിലും(സാധനം സപ്ലൈചെയ്ത ശ്രീ.സൈനുദ്ദീൻ തുക കൈപ്പറ്റി യതായി കാണിച്ച് നൽകിയ കൈപ്പറ്റ് രസീതിലും) , ടൈൽ,ഇന്റർ ലോക്ക് പ്രവൃത്തി നടത്തിയ ശ്രീ. രാമു 116000/- രൂപ കൈപ്പറ്റിയ വൌച്ചറിലും ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ പ്രവൃത്തി നിർവ്വഹണം നടത്തിയതായി കാണിച്ച് ഹാജരാക്കിയിട്ടുള്ള 10900/- രൂപയുടെ മസ്റ്റർ റോളിൽ തൊഴിലാളികൾ ഒപ്പ് രേഖപ്പെടുത്തി യിട്ടില്ല. |

| | | | | | |
|---|---|---|---|---|---|
| 13 | ഗവ.എൽ.പി.എസ് .മെയിന്റനൻസ്,245/16 | ശ്രീ. നജ്മമൽ | 96/16 | 469114 (15-2-16) | എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം സ്കൂളിലെ നിലവിലുള്ള കഞ്ഞിപ്പുര നീട്ടി പുതിയ അടുക്കളയും സ്റ്റോർ റൂമും നിർമ്മിക്കാനും സ്റ്റേജ് ഫ്ലോർ കോൺക്രീറ്റ് ചെയ്യാനും പ്ലാസ്റ്ററിംഗിനുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. 8.7.15 ൽ ഗുണഭോക്തൃസമിതി യോഗം ചേർന്ന് കൺവീനറെ തെരഞ്ഞെടുത്ത് എഗ്രിമെന്റ് വച്ചു. സ്കൂളിലെ പഴയ കിണറിലെ വെള്ളം ഉപയോഗിക്കാൻ കഴിയാത്തതിനാൽ പുതിയ കിണർ നിർമ്മിക്കാനും, പഴയ കിണർമൂടാനും 30-5-15ലെ ഭരണ സമിതി 111(17)തീരുമാനം കൈക്കൊണ്ട് എഞ്ചിനീയറെ ചുമതലപ്പെടുത്തിക്കാണുന്നു. എന്നാൽ മേൽ പ്രവൃത്തി ചെയ്തുകാണുന്നില്ല. ഗുണഭോക്തൃസമിതി പിന്നീട് യോഗം ചേരുകയോ ചെലവ് അംഗീകരിക്കുകയോ ചെയ്തിട്ടില്ല. ചെലവ് വൌച്ചറുകൾ ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്. |

| | | | | | |
|---|---|---|---|---|---|
| | | | | | |
| | ആകെ | | | | |

മേൽ അപാകതകൾക്കുള്ള വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം .9/23-1-17) അപാകതകൾ ക്ലറിക്കൽ പിശക് മൂലം സംഭവിച്ചതാണെന്നും ആയത് പരിഹരിച്ചതായും വിശദീകരണം ലഭ്യമാക്കി. മേൽ അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതും ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കുന്ന പ്രവൃത്തികളുടെ സുതാര്യത ഉറപ്പാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 3-2 <u>എസ്.സി ഗുണഭോക്താക്കളുടെ ഭൂമിലി സംരക്ഷണ ഭിത്തി- നിർവ്വഹണത്തിലെ അപാകതകൾ</u>

ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ എസ്.സി.ഗുണഭോക്താക്കളുടെ ഭൂമിയിൽ സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് ചുവടെചേർക്കുന്ന പ്രോജക്ടുകൾ പ്രകാരം തുക ചെലവ് ചെയ്തിട്ടുണ്ട്. എസ്.സി ഫണ്ട് വകയിരുത്തയ മേൽ പ്രവൃ

ത്തികളിൽ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. ഏതെല്ലാം വ്യക്തികളുടെ സ്ഥലത്താണ് പ്രവൃത്തിചെയ്തതെന്ന് ഫയലിൽ നിന്ന് വ്യക്തമല്ല. പ്രവൃത്തി സ്ഥലം പ്രാദേശിക പരിശോധനയ്ക്ക് വിധേയമാക്കിയതിൽ എസ്.സി വിഭാഗത്തിലെ വ്യക്തികളുടെ ഭൂമിയിൽ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനാണ് മേൽ ചെലവ് വരുത്തിയതെന്ന് വ്യക്തമായി. എന്നാൽ വ്യക്തിഗത ആനുകൂല്യം നൽകുന്ന പ്രോജക്ടുകളിലെ ഗുണഭോക്താക്കളെ ഗ്രാമസഭമുഖേന തെരെഞ്ഞെടുക്കണം എന്ന മാനദണ്ഡം പാലിച്ചിട്ടില്ല,മാത്രമല്ല 2015-16 വർഷം പ്രാബല്യത്തിലുണ്ടായിരുന്ന സബ്സിഡി മാർഗ്ഗരേഖയിൽ വ്യക്തിഗത ആനുകൂല്യം വിതരണം ചെയ്യാവുന്ന ഇനങ്ങളിൽ സൈഡ് വാൾ നിർമ്മാണം ഉൾപ്പെട്ടിട്ടില്ല. മേൽ കാരണങ്ങളാൽ ചുവടെ ചേർക്കുന്ന പ്രോജക്ട് പ്രകാരം ചെലവ് ചെയ്ത തുകയുടെ വിനിയോഗം തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്

| പ്രോജക്റ്റ് നം | ചെലവ് തുക | ബിൽ നം,തീയതി |
|---|---|---|
| നീലിക്കോണം കോളനി എസ്.സി ഗുണഭോക്താക്കളുടെ ഭൂമിയിൽ സംരക്ഷണഭിത്തി, 219-16 | 20000 | 123/16.3.16 |
| ഉടയൻചിറ കോളനി എസ്.സി ഗുണഭോക്താക്കളുടെ ഭൂമിയിൽ സംരക്ഷണഭിത്തി, 209-16 | 99967 | 134/17.3.16 |
| വാടപ്പാറ കോളനി എസ്.സി. ഗുണഭോക്താക്കളുടെ ഭൂമിയിൽ സംരക്ഷണഭിത്തി, 129-16 | 198408 | 130/17.3.16 |
| വട്ടവിള കോളനി എസ്.സി. ഗുണഭോക്താക്കളുടെ ഭൂമിയിൽ സംരക്ഷണഭിത്തി, 181-16 | 331594 | 38/25.9.15 |
| ചെലക്കാട് കോളനി എസ്.സി. ഗുണഭോക്താക്കളുടെ ഭൂമിയിൽ സംരക്ഷണഭിത്തി, 153-16 | 217596 | 82/16.1.16 |
| പ്ലാവിള വടക്കേതിൽ എസ്.സി. ഗുണഭോക്താക്കളുടെ ഭൂമിയിൽ സംരക്ഷണഭിത്തി, 234-16 | 73116 | 144/23.3.16 |
| മടത്തറ മേലതിൽ കോളനി-എസ്.സി ഗുണഭോക്താക്കളുടെ ഭൂമിയിൽ സംരക്ഷണഭിത്തി,131-16 | 20000 | 56/14.10.15 |
| ആകെ | 690681 | |

## 3-3 റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ റോഡ് നിർമ്മാണത്തിന് മണ്ണ് കുഴിച്ചെടുക്കൽ പ്രവൃത്തിയുടെ നിരക്ക് നൽകി

ഗ്രാമപഞ്ചായത്തിൽ 2015-16 വർഷം ഡി.എസ്.ആർ നിരക്ക് ആധാരമാക്കി ഏറ്റെടുത്ത പ്രവൃത്തികളിൽ റോഡ് നിർമ്മാണത്തിനായി മണ്ണ് കുഴിച്ചെടുക്കൽ നടത്തി. 30 സെ.മീറ്റർ ആഴത്തിൽ മണ്ണ് കുഴിച്ചെടുക്കുന്നതിനുള്ള നിരക്കിനെ(ഇനം2.1.1–6224.04) അടിസ്ഥാനമാക്കി 17 സെ.മീറ്റർ ആഴത്തിനും, 15 സെ.മീറ്റർ ആഴത്തിനും നിരക്ക് റീ അറേഞ്ച് ചെയ്ത് നൽകി.റോഡ് നിർമ്മാണത്തിന് ഇനം 2.28.1 പ്രകാരം surface dressing of the ground including removing vegetation... എന്ന ഇനം(ഡി.എസ്.ആർ ഇനം2.28.1)മതിയാകുന്നതാണ്.(നിരക്ക് 1537/100m2). 15 cm വരെ ആഴത്തിൽ മണ്ണ് കുഴിച്ചെടുത്ത് ഉപരിതലം വൃത്തിയാക്കി റോഡ് നിർമ്മാണത്തിന്(കോൺക്രീറ്റിംഗ് /ടാറിംഗ്) സജ്ജമാക്കുന്നതിന് ഈ ഇനമാണ് അനുവദനീയം . എന്നാൽ 17 സെ.മീറ്ററിലും

15 സെന്റീമീറ്ററിലും ആഴത്തിൽ മണ്ണ് നീക്കംചെയ്തതായി കാണിച്ച് അധിക തുക നൽകിക്കാണുന്നു. ഇതുമായി ബന്ധപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.9-23.1.16)റോഡ് നിർമ്മാണത്തിനുള്ള എർത്ത് വർക്കിന് 17 സെ.മീറ്റർ ആഴം വേണ്ടിവന്നു എന്നുംആയതിന് വേണ്ടുന്ന സ്പെസിഫിക്കേഷൻറെ അഭാവം മൂലം 30 സെ.മീറ്റർ ആഴത്തിലുള്ള മണ്ണ് കുഴിച്ചെടുക്കലിന്റെ നിരക്ക് റീ അറേഞ്ച് ചെയ്ത് 17 സെ.മീറ്റർ ആഴത്തിലെ പ്രവൃത്തിയ്ക്കു നിരക്ക് നൽകിയതെന്നും ഇനം 2.28.1 എന്ന ഇനം 15 സെ.മീറ്റർ ആഴത്തിലുള്ള മണ്ണ് കുഴിച്ചെടുക്കലിന് മാത്രമേ പര്യാപ്തമാകൂ എന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ 15 സെ.മീറ്റർ ആഴത്തിൽ മണ്ണ് കുഴിച്ചെടുത്ത് റോഡ് നിർമ്മാണത്തിന് പര്യാപ്തമാക്കിയ പ്രവൃത്തികളിലും ഇനം 2.1.1 നെ റീ അറേഞ്ച് ചെയ്ത നിരക്കാണ് നൽകിയിരിക്കുന്നത്. വിശദവിവരം ചുവടെചേർക്കുന്നു.

ഇനം 2.1.1–30 സെ.മീറ്റർ ആഴത്തിലുള്ള മണ്ണ് കുഴിച്ചെടുക്കലിനുള്ള നിരക്ക്-6224.04

17 സെ.മീറ്റർ ആഴത്തിലുള്ള മണ്ണ് കുഴിച്ചെടുക്കലിന് നൽകിയ നിരക്ക്-6224.04x17/30=3526.95/100m2

15 സെ.മീറ്റർ ആഴത്തിലുള്ള മണ്ണ് കുഴിച്ചെടുക്കലിന് നൽകിയ നിരക്ക്-6224.04x15/30=3112.02/100m2

ഇത്തരത്തിൽ 15 സെന്റീമീറ്റർ ആഴത്തിൽ മണ്ണ് കുഴിച്ചെടുത്ത് റോഡ് നിർമ്മാണം നടത്തേണ്ടപ്രവത്തികളിൽ 2.28 1 ലെ നിരക്കിന് ഉപരിയായി 2.1.1 ഇനത്തിനെ റീ അറേഞ്ച് ചെയ്ത് നൽകിയതുമുഖേന 18889.49രൂപ അധികം ചെലവായി . പ്രവത്തികളുടെ വിവരം ചുവടെ ചേർക്കുന്നു. അധികം നല്കിയ തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

| പ്രവൃത്തിയുടെ വിവരം | ചെയ്ത പ്രവൃത്തിയുടെ അളവ് | നൽകിയ തുക @3112.02/100m2 | നൽകാവുന്ന തുക@1537/100m2 | അധികം | ബിൽ നം,തുക |
|---|---|---|---|---|---|
| കൊല്ലംപാറ റോഡ് കോൺക്രീറ്റിംഗ്, 218-16,കൺവീനർ-ശ്രീ.അജി,എം.ബുക്ക് നം-119-15.16, ധനകാര്യകമ്മിഷൻഗ്രാന്റ്-200000 | 181.5m2 | 5648.31 | 2789.66 | 2858.65 | 143/31-3-16 198965 |
| തേക്കുവിള ഫുട്പാത്ത് കോൺക്രീറ്റിംഗ്, 71-16,കൺവീനർ-ശ്രീ.രതീഷ് എസ്.നാ.ർ ,എം.ബുക്ക് നം-46-15.16, വികസനഫണ്ട്(ജനറൽ)-122000 | 127.84m2 | 3978.40 | 1964.90 | 2013.5 | 65/30-10-15 121799 |
| പുതുക്കുന്ന് റോഡ് - പുതുക്കുന്ന് ഏല നടപ്പാത കോൺക്രീറ്റിംഗ്, 96-16,കൺവീനർ-ശ്രീമതി.ഏലിയാമ്മ ബിനോയ് ,എം.ബുക്ക് നം-85-16, ധനകാര്യകമ്മിഷൻ ഗ്രാന്റ്-315000 | 61.20m2 | 1904.55 | 940.64 | 963.91 | 314534 (ഡിഡി നം 836283 /21.10.16) |

| | | | | | |
|---|---|---|---|---|---|
| കുളത്തുംകര,എ.വി.റ്റി.ആരോമ പുഷ്പവിലാസം മനവിലാസം&അംബേദ്കർ കോളനി ഫുട്പാത്ത് കോൺക്രീറ്റിംഗ്, 140-16,കൺവീനർ-ശ്രീ.രാജു.കെ ,എം.ബുക്ക് നം-20-15.16, വികസനഫണ്ട്(ജനറൽ)-404000 | 419.13m2 | 13043.40 | 6442.03 | 6601.37 | 28/26-8-15 401719 |
| തോണിക്കുഴി-പടിഞ്ഞാറ്റൻകര റോഡ് കോൺക്രീറ്റിംഗ്, 74-16,കൺവീനർ-ശ്രീ.നൗഷാദ് ,എം.ബുക്ക് നം-82-15.16, വികസനഫണ്ട്(ജനറൽ)-95000 | 86.10 | 2679.44 | 1323.36 | 1356.08 | 108/15-2-16 94389 |
| ആനവേലിക്കൽ നടപ്പാത കോൺക്രീറ്റിംഗ്, 119-16,കൺവീനർ-ശ്രീ.രാഗേഷ് ,എം.ബുക്ക് നം-19-15.16, വികസനഫണ്ട്(ജനറൽ)-100000 | 104.20 | 3242.72 | 1601.55 | 1641.17 | 365/31.8.15 99365 |
| എം.എൻ നഗർ പള്ളിക്ക പിറകുവശം വടക്കൻവിള നടപ്പാത കോൺക്രീറ്റിംഗ്, 13 3-16,കൺവീനർ-ശ്രീ.സെയനുല്ലാബ്ദീൻ ,എം.ബുക്ക് നം-4-15.16, വികസനഫണ്ട്(ജനറൽ)-100000 | 104.75 | 3259.84 | 1610 | 1649.84 | 12/24.8.15 99876 |
| എള്ളുംകാല നടപ്പാത കോൺക്രീറ്റിംഗ്, 70-16,കൺവീനർ-ശ്രീ.നൗഷാദ് ,എം.ബുക്ക് നം-52-15.16, വികസനഫണ്ട്(ജനറൽ)-110000 | 114.6 | 3566.37 | 1761.40 | 1804.97 | 85/28.1.16 109218 |
| ആകെ നഷ്ടം | | | | 18889.49 | |

**3-4** <u>കെ.എസ്.ആർ.ടി.സി ബസ്റ്റാന്റ് റോഡ് ടാറിംഗ്-പ്രവത്തി സ്ഥലം പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടിട്ടില്ല,</u>

അടങ്കൽ-1323903(മെയിന്റനൻസ് ഗ്രാന്റ്-റോഡ്)

കൺവീനർ-ശ്രീ.ഡാനിയൽ ജോർജ്ജ്

ബിൽ തുക-1323776(ബിൽ നം.147/23.3.16)

എം.ബുക്ക്-147-15.16

പ്രവൃത്തി നിർവ്വഹണം നടത്തിയത് ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ട പ്രദേശമാണെന്ന് ബോദ്ധ്യപ്പെടുത്തണമെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. പരിശോധനയ്ക്ക് ലഭ്യമാക്കിയ ആസ്തി രജിസ്റ്ററിൽ മേൽ സ്ഥലം ആസ്തിയായി ഉൾപ്പെടുത്തിത്തിക്കാണുന്നില്ല. കെ.എസ്.ആർ.ടി .സി ബസ്റ്റാന്റിനായി സ്ഥലം പാട്ടത്തിന് വിട്ടുനൽകിയതാണെന്ന് അസി. എഞ്ചിനീയർ വാക്കാൽ

അറിയിച്ചുവെങ്കിലും ആയതുമായി ബന്ധപ്പെട്ട ഫയലുകളോ , മറ്റ് രേഖകളോ ലഭ്യമാക്കിയിട്ടില്ല, ആയതിനാൽ ടി പ്രോജക്ടിനായി ചെലവ് ചെയ്ത തുകയുടെ വിനിയോഗം ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസം ഒഴിവാക്കേണ്ടതാണ്.

## **3-5** സർക്കാർ ഉത്തരവിന് വിരുദ്ധമായി തുക അധികം ചെലവഴിച്ചു-**6800/-** രൂപ നിരാകരിക്കുന്നു

പ്രോജക്ട്-സർക്കാർ സ്കൂളുകൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും

പ്രോജക്ട് നം-12/2016

നിർവഹണം-സെക്രട്ടറി

അടങ്കൽ-200000/- (FCG)

ചെലവ്--136400/- (ബില് നം17/15-16തീ 31.12.2015 )(ചെക്ക് നം 831559/30.12.2015)

ഗ്രാമ പഞ്ചായത്ത് പരിധിയിലെ .യു പി, എൽ.പി സ്കൂളുകൾക്ക് കമ്പ്യൂട്ടർ, പ്രിന്റർ, എന്നിവ വാങ്ങി നൽകാനാണ് പദ്ധതി രൂപീകരിച്ചത്. അംഗീകൃത പ്രോജക്ടിൽ സർക്കാർ /ഓട്ടോണമസ് സ്ഥാപനങ്ങളിൽ നിന്നോ, ക്വട്ടേഷൻ /ടെണ്ടർ കൂടാതെ വാങ്ങാൻ അനുവാദമുള്ള സ്ഥാപനങ്ങളിൽ നിന്നും നേരിട്ടോ ഉപകരണങ്ങൾ വാങ്ങാനാണ് ഉദ്ദേശിച്ചിരുന്നത്.ടെണ്ടർ ചെയ്തതിൽ കുറവ് രേഖപ്പെടുത്തിയ ഐറിസ് സിസ്റ്റം കൊട്ടാരക്കര എനന് സ്ഥാപനത്തിൻറെ ക്വട്ടേഷൻ അംഗീകരിക്കുകയും (കമ്മറ്റി തീരുമാനം നം 1(3) dt 22.7.15) supply order നൽകി നാല് കമ്പ്യൂട്ടർ,നാല് ലേസർ ജെറ്റ് പ്രിന്റർ നാല് യു.പി.എസ് ഇവ വാങ്ങുകയും ചെയ്തു. പൊതു വിദ്യാഭ്യാസ വകുപ്പിന്റെ 5.12.14 ലെ NEP3/62736/2012/DPI ഉത്തരവ് പ്രകാരം ഒരു കമ്പ്യൂട്ടറിന് ചെലവഴിക്കാവുന്ന പരമാവധി തുക 24100/- രൂപയാണെന്നിരിക്കേ ഒരു കമ്പ്യൂട്ടറിന് 25800/- രൂപയ്ക്കാണ് കമ്പ്യൂട്ടറുകൾ വാങ്ങിയിരിക്കുന്നത്. ഇപ്രകാരം 4 കമ്പ്യൂട്ടറുകൾക്ക് അധികം നൽകിയിരിക്കുന്ന 6800/- (1700x4)– രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. പദ്ധതി നിർവഹണം നടത്തിയ ഉദ്യോഗസ്ഥയിൽ നിന്നും തുക തിരികെ ഈടാക്കേണ്ടതാണ്.

## **3-6** നോൺ അവയബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെ മരുന്ന് വാങ്ങിയിരിക്കുന്നു- **100000**രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് 31/16-വെറ്ററിനറി ആശുപത്രിക്ക് മരുന്ന് വാങ്ങൽ

നിർവ്വഹണം- വെറ്ററിനറി സർജൻ

അടങ്കൽ -100000(M-G-NR)

ചെലവ് -ബിൽ നം1/15-16തീ 20.11.15

മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തി വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി 2015-16 സാമ്പത്തികവർഷം കളീക്കൽ ഏജൻസിയിൽ നിന്നും 100000/-രൂപ (830823/29.11.2015)യ്ക്ക് വെറ്ററിനറി ആശുപത്രിക്ക് മരുന്ന് വാങ്ങിയിട്ടുണ്ട്.എന്നാൽ ജില്ലാ മൃഗ സംരക്ഷണ ഡെപ്യൂട്ടി ഡയറക്ടറുടെ നോൺ അവയബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 100000/-രൂപ

തടസ്സപ്പെടുത്തുന്നു.രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്

## 3-7 കുടിവെള്ള ടാപ്പുകളുടെസംയുക്ത പരിശോധന നടത്തിയിട്ടില്ല

കുടിവെള്ള ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 2015-16 സാമ്പത്തിക വർഷം -112000/- രൂപ സ്ഥാപനം വാട്ടർ അതോറിറ്റിയിൽ അടവാക്കുന്നുണ്ട്. എന്നാൽ വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുകയോ മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഉപയോഗയോഗ്യമായതും അല്ലാത്തതുമായ ടാപ്പുകളെ സംബന്ധിക്കുന്ന രജിസ്റ്റർ സ്ഥാപനം പരിപാലിക്കുന്നില്ല. ആയതിനാൽ ഉപയോഗശൂന്യമായ കുടിവെള്ള ടാപ്പുകൾക്ക് സ്ഥാപനം തുക അടവാക്കുന്നുണ്ടോ എന്ന് അറിയുവാൻ കഴിയുന്നില്ല. ജി.ഒ(ആർ.ടി) 2242/2011 തസ്വഭവ തീ 28.9.11 നമ്പർ സർക്കാർ ഉത്തരവിലെ നിർദ്ദേശ പ്രകാരം വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി കുടിവെള്ള ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തേണ്ടതാണ്. ഗാർഹിക കണക്ഷൻ നൽകുമ്പോൾ ആയത് അനുസരിച്ച് പൊതു ടാപ്പുകളുടെ എണ്ണം നിയന്ത്രിക്കേണ്ടതാണെന്ന് പന്ത്രണ്ടാം പദ്ധതി പുതുക്കിയ മാർഗ്ഗരേഖയിൽ പറയുന്നുണ്ട്. എന്നാൽ ഇവിടെ ഗാർഹിക കണക്ഷൻ നൽകുമ്പോൾ പൊതുടാപ്പുകളുടെ എണ്ണം കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നില്ല. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ഉപയോഗയോഗ്യമായ പൊതു ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തേണ്ടതും, ആയതനുസരിച്ച് ക്രമീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-8 പശ്ചിമഘട്ട വികസന പദ്ധതി-മാർഗരേഖ പാലിക്കുന്നില്ല

പത്തനാപുരം ഗ്രാമ പഞ്ചായത്തിൽ പശ്ചിമഘട്ട വികസന പദ്ധതി പ്രകാരം നടപ്പിലാക്കി വരുന്ന രണ്ട് നീർത്തട പദ്ധതികളാണ് അന്തമൻകോട് നീർത്തടപദ്ധതിയും,കുണ്ടമൻ നീർത്തടപദ്ധതിയും. രണ്ട്നീർത്തട പദ്ധതികളും പഴകുളം സോഷ്യൽ സർവ്വീസ് സൊസൈറ്റിയാണ് നിർവഹണം നടത്തിയിട്ടുള്ളത്. പ്രസ്തുത പദ്ധതികളുടെ നിർവഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു,

1. നീർത്തട കമ്മിറ്റി മാസത്തിൽ ഒരു പ്രാവശ്യം ചേരേണ്ടതാണ് എന്ന് പശ്ചിമഘട്ട പദ്ധതി മാർഗ്ഗരേഖയിലെ നീർത്തട കമ്മിറ്റിയുടെ ചുമതലകളിൽ നിഷ്കർഷിച്ചിട്ടുണ്ടെങ്കിലുംആയത് പാലിച്ചിട്ടില്ല.
2. നീർത്തട കമ്മിറ്റി രൂപം കൊടുക്കുന്ന ഗുണഭോക്താക്കളുടെ ലിസ്റ്റിന് നീർത്തട ഗ്രാമസഭയുടെ അംഗീകാരം വാങ്ങിയിരിക്കണം എന്ന് വ്യവസ്ഥയുണ്ടായിരുന്നിട്ടും നീർത്തട ഗ്രാമസഭയിൽ ഗുണഭോക്താക്കളെ അംഗീകരിച്ചിട്ടില്ല.

3.ആക്ഷൻപ്ലാൻ നീർത്തട ഗ്രാമസഭ അംഗീകരിച്ചിട്ടില്ല.
4. നീർത്തട കമ്മിറ്റി തയ്യാറാക്കുന്ന ഗുണഭോക്തൃ പട്ടിക ഗ്രാമപഞ്ചായത്ത് കമ്മിറ്റിയിൽ ചർച്ച ചെയ്യേണ്ടതാണെന്നിരിക്കെ ഈ നടപടി ക്രമം പാലിച്ചിട്ടില്ല.
5.നീർത്തട പ്രോജക്ടിലെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട ബില്ലുകളുടേയും വൗച്ചറുകളുടേയും ക്ലെയിമുകളുടേയും തുക നീർത്തട കമ്മിറ്റിയുടെ

അഗീകാരത്തോടെയാണ് നൽകേണ്ടതെന്നും പ്രോജക്റ്റ് നിർവ്വഹണ ഏജൻസിയുടെ ക്ലെയിമുകളും ബില്ലുകളും വൗച്ചറുകളും നീർത്തട കമ്മിറ്റിയുടെ അംഗീകാരത്തോടെ പാസ്സാക്കണമെന്നും അതിൻമേൽ നീർത്തട കമ്മിറ്റിയുടെ ചെയർമാനും കൺവീനറും ഒപ്പുവയ്ക്കേണ്ടതുമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ഏജൻസി ഹാജരാക്കിയ ബില്ലുകളും വൗച്ചറുകളും നീർത്തട കമ്മിറ്റി അംഗീകരിച്ചിട്ടില്ല.യാതൊരു മോണിറ്ററിംഗും ഇല്ലാതെ ബില്ലുകൾ ഹാജരാക്കാതെ ഏജൻസി തുക ആവശ്യപ്പെട്ടപ്പോൾ നല്കുകയാണ് ചെയ്തിരിക്കുന്നത്.

6.പശ്ചിമഘട്ട പദ്ധതിയനുസരിച്ച് നൽകുന്ന സബ്സിഡിക്കുള്ള മാനദണ്ഡങ്ങൾ ത്രിതല പഞ്ചായത്തുകളുടെ വികസന പദ്ധതികൾക്ക് ബാധകമായിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരമാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും സബ്സിഡി മാർഗ്ഗരേഖ പാലിക്കാതെ ഗുണഭോക്താക്കൾക്കുള്ള സബ്സിഡി പണമായിട്ടാണ് നൽകിയിട്ടുള്ളത്.കൂടാതെ ഏത് മാനദണ്ഡ പ്രകാരമാണ് യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചത് എന്ന് വ്യക്തമല്ല.

7.നീർത്തടത്തിലെ പ്രവർത്തനങ്ങൾ മോണിട്ടറിംഗ് കമ്മിറ്റി നേരിട്ട് വിലയിരുത്തേണ്ടതും തുക അനുവദിക്കുന്നതിനായി പദ്ധതി പ്രവർത്തികൾ ചെയർമാനും ബന്ധപ്പെട്ട ഉദ്യോഗസ്ഥനും സാക്ഷ്യപ്പെടുത്തി നൽകേണ്ടതാണെന്നിരിക്കേ ഇത് പാലിച്ചിട്ടില്ല

8..ഗുണഭോക്താക്കൾക്ക് അർഹതയുള്ള തുക ഏജൻസി നേരിട്ട് ഗുണഭോക്താക്കൾക്ക് പണമായി നൽകുകയാണ് ചെയ്തിട്ടുള്ളത്..ഏത് ദിവസം തുക വിതരണം ചെയ്തു എന്നതിന് രേഖകൾ ഇല്ല.

9.ഗുണഭോക്തൃവിഹിതം 10% സമാഹരിക്കേണ്ടത്എന്നാണ് മാർഗ്ഗരേഖയിൽ പറഞ്ഞിരിക്കുന്നത്.ആയത് പിരിക്കേണ്ടത് നീർത്തട കമ്മിറ്റിയുടെയും നീർത്തട ഗ്രാമസഭയുടേയും ചുമതലയാണെന്നിരിക്കേ, ഗുണഭോക്തൃ വിഹിതം സമാഹരിച്ചതിന്റെ യാതൊരു രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. എന്നാൽ ഏജൻസി ഹാജരാക്കിയ വിതരണ രജിസ്റ്റർ പ്രകാരം ഗുണഭോക്തൃ വിഹിതം ഉൾപ്പടെയുള്ള തുകയാണ് പണമായി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുള്ളത്.

10.പശ്ചിമഘട്ട പദ്ധതി അനുസരിച്ച് സൃഷ്ടിക്കപ്പെട്ടതും ആർജിച്ചതുമായ ആസ്തികൾ പഞ്ചായത്തിന് കൈമാറിയിട്ടില്ല

## 3-9 പത്ര പരസ്യം നൽകൽ -സർക്കാർ ഉത്തരവ് പാലിക്കുന്നില്ല

പൊതുഭരണവകുപ്പ് സ.ഉ.(അച്ചടിച്ചത്) 1/2004 ഐ.ആൻറ്.പി.ആർ. 01/01/2004 പ്രകാരം ദർഘാസ് പരസ്യങ്ങൾ പബ്ളിക് റിലേഷൻസ് വകുപ്പ് വഴിയല്ലാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്നത് മൂന്നു സെന്റീമീറ്റർ xരണ്ടുകോളം വലുപ്പമുള്ള (24 ച.സെ.മീ) വിൻഡോ പരസ്യങ്ങളാണ് തയ്യാറാക്കി നൽകേണ്ടത്. എന്നാൽ ഈ നിർദേശങ്ങൾ പാലിക്കാതെ പഞ്ചായത്തു പരസ്യങ്ങൾ നൽകിയിരിക്കുന്നു.സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി ചെലവാക്കുവാൻ പഞ്ചായത്ത് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

## 3-10 മീഡിയാശ്രീ -ഡോക്യുമെൻററി തയ്യാറാക്കി -സിഡി ലഭ്യമാക്കിയിട്ടില്ല

പ്രോജക്റ്റ് നം. എസ്.ഒ.66/16

നിർവ്വഹണോദ്യോഗസ്ഥൻ- സെക്രട്ടറി

പദ്ധതി വിഹിതം – വികസനഫണ്ട് (ധനകാര്യകമ്മീഷൻ ഗ്രാന്റ്)

അടങ്കൽ തുക – 65000/-രൂപ

ചെലവഴിച്ച തുക – 65000/-രൂപ

സർക്കാർ ഉത്തരവ് (സാധാ) നം 813/15 LSGD dtd 20-3-15 പ്രകാരം മേൽ പദ്ധതി വഴി 65000/-രൂപ ഗ്രാമ പഞ്ചായത്തിന്റെ ചരിത്രവും വർത്തമാനവും പദ്ധതികളും നിലവിലെ ഭരണ സമിതിയുടെ നേട്ടങ്ങളും ഡോക്യുമെന്ററി ചിത്രങ്ങളായി പുറത്തിറക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ആവശ്യത്തിലേക്കായി കുടുംബശ്രീ മിഷന് കൈമാറുന്നതിനായി പിൻവലിച്ച് ഡി.ഡി ആക്കിയതിന്റെ (ഡിഡി നം. 156089/ 19-9-15) രേഖകൾ ലഭ്യമാക്കിയിട്ടുണ്ടെങ്കിലും തുക കൈപ്പറ്റിയതിന്റെ രേഖകളോ വിനിയോഗ സാക്ഷ്യപത്രമോ കുടുംബ ശ്രീമിഷനിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. മേൽ രേഖകളുടെ അഭാവത്തിൽ മേൽ പദ്ധതിക്ക് വേണ്ടി ചെലവഴിച്ച 65000/-രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-11 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല .1445000/- രൂപ തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി ,അസി സെക്രട്ടറി നിർവ്വഹണം നടത്തിയിട്ടുള്ള താഴെക്കൊടുത്തിട്ടുള്ള പ്രോജക്കുകളുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്കുകളുടെ പേര് | തുകസ്വീകരിച്ച സ്ഥാപനം | തുക (രൂപ) | ബിൽനം./ചെക്ക്നം |
|---|---|---|---|---|
| 1 | ഐ എ വൈ വിഹിതം (13/16) ,അസി സെക്രട്ടറി | ബ്ലോക്ക് പഞ്ചായത്ത്, പത്തനാപുരം | 845000 | 831841/22.1.2016 |
| 2 | സാമൂഹ്യസുരക്ഷാമിഷൻ വിഹിതം നൽകല്(10/2016) സെക്രട്ടറി | എക്സിക്യൂട്ടീവ് ഡയറക്ടർ, സാമൂഹ്യസുരക്ഷാമിഷൻ | 300000 | 156088/22.9.2015 |
| 3 | ജില്ലാആശുപത്രിക്ക് ഡയാലിസിസ് യൂണിറ്റ്(67/16) സെക്രട്ടറി | സെക്രട്ടറി ,ജില്ലാപഞ്ചായത്ത് | 300000 | 831918/28.1.2016 |

വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവഴിച്ച

1445000/- രൂപാ തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-12 ഹോമിയോ മെഡിക്കൽ ഓഫീസർ പ്രത്യേക ബാങ്ക് അക്കൌണ്ട് സൂക്ഷിക്കുന്നത് സംബന്ധിച്ച്

ഹോമിയോ മെഡിക്കൽ ഓഫീസർക്ക് നിയമപരമല്ലാത്ത ഒരു ബാങ്ക് അക്കൌണ്ട് നിലവിൽ ഉണ്ട്.സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ പത്തനാപുരം ശാഖയിലെ 35103918209 നമ്പർ അക്കൌണ്ട് ക്യാൻസർ നിർണ്ണയ ക്യാംപും അവയവദാന സമ്മതപത്രവും എന്ന പ്രോജക്ടിലെ (25/15-16) ചെലവുകൾ നടത്തുന്നതിനായി ആരംഭിച്ചതാണ്. ടി പ്രോജക്ടിനായി ലഭിച്ച 2,80,000/- രൂപാ 28-7-2015ൽ ആരംഭിച്ച പ്രസ്തുത അക്കൌണ്ടിൽ നിക്ഷേപിച്ചാണ് തുടർ ചെലവുകൾ നടത്തുന്നത്.

തുടർ വർഷങ്ങളിലും ഈ അക്കൌണ്ടിൽ ക്രയവിക്രയങ്ങൾ നടക്കുന്നുണ്ട്. ഈ അക്കൌണ്ട് ആരംഭിച്ചതിന്റെ കമ്മറ്റി തീരുമാനം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി കമ്മറ്റി തീരുമാനം ഒന്നും ഇല്ലായിരുന്നു. അന്നത്തെ സെക്രട്ടറിയുടെ വാക്കാൽ നിർദ്ദേശത്തെ തുടർന്ന് ഇടപാടുകൾ സുതാര്യമാക്കാൻ വേണ്ടി ആണ് അക്കൌണ്ട് ആരംഭിച്ചത് എന്നറിയിച്ചിട്ടുള്ളതാണ്.

## 3-13 കെ.എസ്.ഇ.ബിയുടെ ഡിമാന്റിനെ മാത്രം അടിസ്ഥാനമാക്കി എല്ലാ മാസവും തെരുവ് വിളക്ക് ചാർജ്ജ് ഒടുക്കുന്നു

തെരുവു വിളക്കുകളുടെ എണ്ണം ,ഇനം എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. എത്ര തെരുവ് വിളക്കുകൾ ഉണ്ടെന്നോ, എത്ര യൂണിറ്റ് ഉപയോഗിക്കുന്നുവെന്നോ യാതൊരു ആധികാരിക രേഖയും ഇല്ലാതെ കെ.എസ്.ഇ.ബിയുടെ ഡിമാന്റിനെ മാത്രം അടിസ്ഥാനമാക്കിയാണ് തുക എല്ലാ മാസവും ഒടുക്കുന്നത്. തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിൻെറ നടപടികൾ നാളിതുവരെയും പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ യഥാർത്ഥ ഉപയോഗം തിട്ടപ്പെടുത്താൻ കഴിയാതെവരുന്നു. കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-14 ഹൈമാസ്റ്റ് ലൈറ്റുകളുടെ മെയിൻറനൻസ് -അധികം ചെലവായ തുക 5420/-രൂപ നിരാകരിക്കുന്നു

പത്തനാപുരം ഗ്രാമപഞ്ചായത്തിലെ ടൗണിലുള്ള ഹൈമാസ്റ്റ് ലൈറ്റുകൾ കേടായതിനെ തുടർന്ന് 29-9-15 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം 1(1) അനുസരിച്ച് ക്വട്ടേഷൻ ലഭിച്ചതിൽ നിന്ന് കുണ്ടറയിലെ ബാസ്സ് ഏജൻസിയിൽ നിന്ന് അറ്റകുറ്റപണികൾക്കായുള്ള പാർട്സുകൾ വാങ്ങാൻ തീരുമാനമായി.
പ്രസ്തുത സ്ഥാപനത്തിൽ നിന്ന്

ഫിലിപ്സ് ബൾബ് 400w – 14 എണ്ണം

ഫിലിപ്സ് ഹോൾഡർ - 2 എണ്ണം

ചോക്ക് - 14 എണ്ണം

ഇൻസുലേഷൻ ടേപ്പ് -3എണ്ണം

വാങ്ങിയ വകയിൽ 5-11-2015 ലെ നം.2548 ബിൽ ഇൻവോയിസ് പ്രകാരമുള്ള തുക 40750/-രൂപയാണ് . ടി തുക 30-11-15 ലെ വൗച്ചർ നം.21500797പ്രകാരം 40750/-രൂപ പിൻവലിച്ച് നൽകിയിട്ടുണ്ട്.എന്നാൽ 25-11-2015 ലെ ബിൽ ഇൻവോയിസ് 2548 പ്രകാരം മറ്റൊരു ബില്ല് കൂടി പരിശോധനാ വേളയിൽ ഓഡിറ്റിന് ലഭിച്ചു.ഒരു സ്ഥാപനത്തിൽ നിന്നും ഒറ്റ തീയതിയിലെ ഒരേ ഇൻവോയിസ് നമ്പരുള്ള രണ്ട് ബില്ലുകൾ അംഗീകരിക്കാവുന്നതല്ല.കൂടാതെ ഇനത്തിലും എണ്ണത്തിലും സമാനത കാണിക്കുന്ന ബില്ലിൽ 36330/-രൂപ,40750/-രൂപ എന്ന വ്യത്യസ്ത തുകകളാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21,28-1-17) മറുപടി ലഭ്യമായിട്ടില്ല.

കൂടാതെ ഈയിനത്തിൽ സാധനസാമഗ്രികൾ വാങ്ങി റിപ്പയർ ചെയ്തതിന് ഒരു ലൈറ്റിന് 500/-രൂപ നിരക്കിൽ 8000/- രൂപ പണിക്കൂലിയിനത്തിൽ ഇമ്മാനുവൽ എന്ന വ്യക്തിക്ക് 9-12-15 ലെ വൗച്ചർ നം.21500845പ്രകാരം പിൻവലിച്ച് നൽകി.എന്നാൽ പ്രസ്തുത ബില്ലിലെ രേഖപ്പെടുത്തലുകളിൻെറ അടിസ്ഥാനത്തിൽ ബൾബ് -14 എണ്ണമെന്നിരിക്കെ 14 x 500= 7000/-രൂപയാണ് ഈയിനത്തിൽ അനുവദിക്കേണ്ടത് .അധികം അനുവദിച്ച് നൽകിയ1000/- രൂപയും അംഗീകരിക്കുന്നില്ല.ടി പ്രവർത്തികളിന്മേൽ അധികം അനുവദിച്ച തുകയായ 5420/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.ടി തുക നഷ്ടത്തിനുത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-15 ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നത് അനുവദിച്ച തുകയായ 8032/- തടസ്സപ്പെടുത്തുന്നു

പത്തനാപുരം പഞ്ചായത്തിലെ പതിനഞ്ചാം വാർഡായ ആലവിള ഭാഗത്ത് ഗതാഗത തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റും ,ടൗൺ സെൻട്രൽ വാർഡായ ചേലക്കാട് വഴി തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റും മാറ്റി സ്ഥാപിക്കുന്നത് അസിസ്റ്റൻറ് എൻജിനീയറിൻെറ എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയായ 8032/-രൂപ വൗച്ചർ നം.21500847,14-12-15 പ്രകാരം അനുവദിച്ച് നൽകിയിട്ടുണ്ട്.ടി തുക രസീത് നം.45950151215102129 ,15-12-15 ൽ കെ.എസ്സ്.ഇ.ബി.യിൽ ഒടുക്ക് വരുത്തിയിട്ടുണ്ട്. നാളിത് വരെ ടി പ്രവർത്തിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ ടി പ്രവർത്തിക്ക് അനുവദിച്ച തുകയായ 8032/- തടസ്സപ്പെടുത്തുന്നു.കെ.എസ്സ്.ഇ.ബി.യിൽ നിന്ന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റ് തടസ്സം മാറ്റേണ്ടതാണ്.

## 3-16 ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല.

സർക്കാരിന്റെ 51/03 തസ്വഭവ തീയ്യതി 22.02.2003 ഉത്തരവ് പ്രകാരം എല്ലാ പഞ്ചായത്തുകളിലും പഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്നും വേറിട്ടു സൂക്ഷിക്കുന്ന ഒരു

ദുരിതാശ്വാസനിധി രൂപീകരിക്കാവുന്നതും 2003 ലെ കേരളാ പഞ്ചായത്ത് രാജ് ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും ചട്ടങ്ങൾക്ക് വിധേയമായി ഫണ്ട് വിനിയോഗിക്കാവുന്നതുമാണ്.എന്നാൽ ദുരിതാശ്വാസ നിധി പത്തനാപുരം പഞ്ചായത്തിൽദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല.

## 3-17 കാലിതൊഴുത്ത് നിർമ്മാണം-വെറ്ററനിറി സർജന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല

പദ്ധതി നം. -S0030 / 16

അടങ്കൽ - - 625000(വികസനഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം - 250000 /- ഗുണഭോക്തൃ വിഹിതം നേരിട്ട് - 375000 /- )

ചെലവ് - വികസനഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം - 250000 /-

ബിൽ നം. 3/15-16 /16.2.2016 –190000

ബിൽ നം. 8/15-16 /28.3.2016 – 60000

വെറ്ററനിറി സർജൻ നടപ്പിലാക്കിയ കാലിത്തൊഴുത്ത് നിർമ്മാണം പദ്ധതിയിൽ കാലിത്തൊഴുത്ത് നിർമ്മാണത്തിന് ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ സമർപ്പിച്ച അപേക്ഷയോടൊപ്പം കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ഇതേ സർവ്വേ നമ്പരിൽ ഇതേ പുരയിടത്തിൽ തൊഴുത്ത് നിർമ്മിക്കുന്നതിന് ധനസഹായം നല്കിയിട്ടില്ലഎന്ന വെറ്റിനറി സർജന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല .രേഖകൾ ഹാജരാക്കണമെന്നാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (7/21.1.17 )മറുപടി ലഭ്യമാക്കിയില്ല. പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ (ജി.ഒ (എം.എസ്) 362/ 2013/ തസ്വഭവ 16.11.2013)മാർഗ്ഗരേഖ പ്രകാരം പുതിയ തൊഴുത്ത് നിർമ്മാണത്തിന് സബ്സിഡി അനുവദിക്കുന്നതിന് കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ഇതേ സർവ്വേ നമ്പരിൽ ഇതേ പുരയിടത്തിൽ തൊഴുത്ത് നിർമ്മിക്കുന്നതിന് ധനസഹായം നല്കിയിട്ടില്ല എന്ന വെറ്റിനറി സർജൻ സർട്ടിഫൈ ചെയ്തിരിക്കണമെന്ന് നിബന്ധനയുണ്ട്. മാർഗ്ഗരേഖ നിർദ്ദേശം പാലിക്കാതെ സബ്സിഡി അനുവദിച്ചതിനാൽ 250000/- ചെലവ് തടസ്സപ്പെടുത്തുന്നു. വെറ്റിനറി സർജനിൽ നിന്നും സർട്ടിഫിക്കറ്റ് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-18 പ്രോജക്ട് നം- 17/2016 ,പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ്.-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്ട് നം- 17/2016

പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ്.

അടങ്കൽ തുക 80000/-വികസനഫണ്ട് എസ്.സി.പി.

ചെലവ് തുക 793000/-(,ബിൽ നം 5/15-16/29.9.15)

മേൽ പദ്ധതി പ്രകാരം വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് നല്കിയതിന്റെ അപേക്ഷകൾ പരിശോധിച്ചതിൽ ശ്രീമതി രാഖി ചന്ദ്രൻ,മനോജ്ഭവൻ,നീലിക്കോണം എന്ന വിദ്യാർത്ഥിനി റേഷൻകാർഡിൽ പേര് ഉൾപ്പെട്ടിട്ടില്ല.ടിയാളുടെ മാര്യേജ് സർട്ടിഫിക്കറ്റ് പ്രകാരം 4/15 ൽ വിവാഹം കഴിച്ചുകൊണ്ട് വന്നതാണെന്നും ആലപ്പുഴ ജില്ലയിലെ തഴക്കര പഞ്ചായത്തിൽ ആണ് സ്വന്തം സ്ഥലം എന്നും രേഖപ്പെടുത്തിയിരിക്കുന്നു.കൂടാതെ ടിയാൾക്ക് ആ പഞ്ചായത്തിൽ നിന്നും ഇതേ ആനുകൂല്യം കൈപ്പറ്റിയിട്ടില്ല എന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.ആയതിനാൽ ഒരു ലാപ് ടോപ്പിന്റെ വില 30500/- രൂപ തടസ്സപ്പെടുത്തുന്നു.

2.സബ്സിഡി മാർഗ്ഗരേഖ പ്രകാരം പ്രൊഫഷണൽ കോളേജുകളിൽ മെറിറ്റ് സീറ്റിൽ അഡ്മിഷൻ ലഭിച്ച് പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്കാണ് ലാപ്പ്ടോപ്പിന് അർഹതയുള്ളത്.എന്നാൽ താഴെപ്പറയുന്ന വിദ്യാർത്ഥികൾക്കും ലാപ്പ്ടോപ്പ് നൽകിയിരിക്കുന്നു.വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | അപേക്ഷകയുടെ പേര് | കോഴ്സിന്റെ പേര് / |
|---|---|---|
| 1 | ജയശ്രീ,വിളയിൽ മേലതിൽ,മാങ്കോട് പി.ഒ | D.Ed (പ്രൈവറ്റ് സ്ഥാപനം) |
| 2 | ഗണേഷ് എസ്,പുതുപറമ്പിൽ വീട്. | ഐ.റ്റി.ഐ ഫിറ്റർ) |
| 3 | അശ്വതി അരവിന്ദാക്ഷൻ, ചരുവിള വടക്കതിൽ ചേലക്കോട് | D.Ed (പ്രൈവറ്റ് സ്ഥാപനം) |

3.വാങ്ങിയ ലാപ്പ്ടോപ്പുകളിൽ ഒരെണ്ണം നിലവിലും വിതരണം ചെയ്യാതെ സൂക്ഷിക്കുന്നു..

മേൽ പദ്ധതി പ്രകാരം വാങ്ങിയ 26 ലാപ്പ്ടോപ്പുകളിൽ 25 എണ്ണം മാത്രമാണ് ഇതുവരെ വിതരണം ചെയ്തിരിക്കുന്നത് . ധനവിനിയോഗ മാർഗ്ഗരേഖ,സബ്സിഡി മാർഗ്ഗരേഖ എന്നിവയിൽ ആവശ്യമായ എണ്ണം തിട്ടപ്പെടുത്താതെ ഭാവിയിൽ ആവശ്യം വരുമെന്ന നിഗമനത്തിൽ മുൻകൂറായി പണം പിൻവലിച്ച് ചെലവഴിക്കരുതെന്ന് വ്യക്തമാക്കുന്നുണ്ട്.അതിനാൽ വിതരണം ചെയ്യാതെ സൂക്ഷിച്ചിരിക്കുന്ന ലാപ്പ്ടോപ്പ് അർഹരായവർക്ക് വിതരണം ചെയ്ത് രേഖാ മൂലം ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.ആയത് സംബന്ധിച്ച് നല്കിയ എൻക്വയറി നം .20/24.1.17 ന് നല്കിയ മറുപടി തൃപ്തികരമല്ല.വിതരണം ചെയ്യാതെ അവശേഷിക്കുന്ന ലാപ്പ്ടോപ്പിന്റെ വില 30500/- രൂപ തടസ്സപ്പെടുത്തുന്നു.

മേൽ കോഴ്സുകൾ അംഗീകൃതമാണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കും വരെ 3 ഗുണഭോക്താക്കൾക്ക് നല്കിയ 91500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.ആകെ തടസ്സം 152500/- രൂപ (30500+91500+30500) ഒഴിവാക്കാനാവശ്യമായ രേഖകൾ ലഭ്യമാക്കി തടസം ഒഴിവാക്കേണ്ടതാണ്.

**3-19** ഗ്രാമീണ ഗ്രന്ഥശാലകൾക്ക് ഫർണിച്ചർ വാങ്ങൽ-തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം-65/2016

അടങ്കൽ തുക-46500/- (തനത് ഫണ്ട്)

ചെലവ് തുക-25500/- (വൌച്ചർ നം 21501222/22.3.2016)

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തി 2015-16 സാമ്പത്തിക വർഷം പഞ്ചായത്ത് ലൈബ്രറികൾക്ക് ഫർണിച്ചർ വാങ്ങി നൽകിയിട്ടുണ്ട്. കുറഞ്ഞ ക്വട്ടേഷനായ സോഡിയാക്ക് ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിൽനിന്നും 6 മേശയും 30 കസേരയും-25500/- രൂപയ്ക്ക് (മേശ-2100x6,കസേര-430x30 )വാങ്ങിയിട്ടുണ്ട്. പഞ്ചായത്ത് ലൈബ്രറി കൂടാതെ താഴെപ്പറയുന്ന സ്വകാര്യ ലൈബ്രറികൾക്കും ഫർണിച്ചർ വാങ്ങി നൽകിയിട്ടുണ്ട്.

| ലൈബ്രറി യുടെ പേര് | മേശ | കസേര |
|---|---|---|
| യുഗദീപ്തി വായനശാല | 1 | 5 |
| അച്യുതമേനോൻസാംസ്കാരികവേദി | 1 | 5 |
| കുണ്ടയം യുവജന സമാജം | 1 | 5 |
| ഇ.എം.എസ് ലൈബ്രറി,പത്തനാപുരം | 1 | 5 |
| ഇ.എം.എസ് ലൈബ്രറി,കിടങ്ങയം | 1 | 5 |

എന്നാൽ ടി ഗ്രന്ഥശാലകൾ ഗ്രന്ഥശാലാ സംഘത്തിൽ രജിസ്റ്റർ ചെയ്തതാണെന്നുള്ള രേഖകൾ, പഞ്ചായത്തിൻറെ അധീനതയിലുള്ളതാണെന്നുള്ള രേഖകൾ ഇവ ഹാജരാക്കിയിട്ടില്ല.ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് നം 27/30.1.2017 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 25500/- രൂപ തടസ്സപ്പെടുത്തുന്നു.രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**3-20** ബയോഗ്യാസ് പ്ലാൻറ് പ്രവർത്തനം -ബയോടെക്കുമായി കരാർ വച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല

പ്രോജക്ട് നം -7/2016

പ്രോജക്ടിന്റെ പേര്-ബയോഗ്യാസ് പ്ലാൻറ് ദൈനം ദിന ചെലവുകൾ

അടങ്കൽ-500000/- രൂപ(തനത്ഫണ്ട്)

ചെലവ് തുക-485000/- രൂപ

വൌച്ചർ നം -21500961/14.1.2016,-200000/-രൂപ

21501331/31.3.16-85000/-രൂപ

ചെക്ക് നം- 155785/25.8.15-20000/-രൂപ

മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തി സെക്രട്ടറി ബയോഗ്യാസ് പ്ലാൻറ് ദൈനം ദിന ചെലവുകള്ക്കും പ്ലാൻറിൽ നിന്നുള്ള ഗ്യാസ് ഉപയോഗിച്ച് വൈദ്യുതവിളക്കുകൾ പ്രകാശിപ്പിക്കുന്നതിനും -ബയോടെക്ക് എന്ന സ്ഥാപനത്തിന് 2015-16 സാമ്പത്തികവർഷം 485000/- രൂപ നൽകിയിട്ടുണ്ട്.എന്നാൽ -ബയോടെക്ക് ചെലവിന്റെ വിശദമായ വൌച്ചറുകൾ ഹാജരാക്കിയില്ല.കൂടാതെ ഫയൽ പരിശോധിച്ചതിൽ നിന്നും 4.1.16 ലെ

-ബയോടെക്കിന്റെ OBT/WTP/15 നം കത്ത് പ്രകാരം 2003 മുതൽ ബയോഗ്യാസ് പ്ലാന്റിൻറെ പ്രവർത്തനം ഒരു വാർഷിക കരാറിൻറെ അടിസ്ഥാനത്തിൽ പ്രവർത്തിച്ചുവരുന്നു എന്നും എന്നാൽ ഗ്രാമ പഞ്ചായത്ത് ബയോടെക്കുമായി എ.എം.സി വച്ചിട്ടില്ല എന്നും പഞ്ചായത്തിനെ അറിയിച്ചിരിക്കുന്നു.പ്രതിമാസം 39075/- രൂപ വീതം ചെലവുകൾക്ക് ബയോടെക്കിന് നല്കണമെന്നും അറിയിച്ചിരിക്കുന്നു.എന്നാൽ ആയത് സംബന്ധിക്കുന്ന കരാർ,കമ്മിറ്റി തീരുമാനം , ഇവ ഹാജരാക്കിയിട്ടില്ല. ആയത് സംബന്ധിച്ച് നൽകിയ എൻക്വയറിയ്ക്ക് (നം 20/28.01.2016ന് മറുപടിയായി ഹാജരാക്കിയ കരാറിൽ (തീയതി 22.9.2015) സെക്രട്ടറി ഒപ്പ് വച്ചിട്ടില്ല.വ്യക്തമായ കരാറിൽ ഏർപ്പെടാതെയാണ് പഞ്ചായത്ത് ബയോടെക്ക് ഡിമാൻറ് ചെയ്യുന്ന തുക നൽകുന്നത്. കരാറിന്റെ അഭാവത്തിൽ ചെലവഴിച്ച 485000/- രൂപ തടസ്സപ്പെടുത്തുന്നു.വിശദീകരണം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-21 പശുവളർത്തൽ-പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ

വെറ്ററിനറി സർജൻ നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകളിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

| ക്രമനം | പ്രോജക്ട് | അടങ്കൽ തുക | ചെലവ് തുക | ഗുണഭോക്താക്കൾ |
|---|---|---|---|---|
| 1 | 49/16,പശു വളർത്തൽ എസ്.സി.പി സ്പിൽഓവർ | 225000 (എസ്.സി.പി)+ 15000(തനത്) ഗുണഭോക്തൃ വിഹിതം 192000രൂപ (നേരിട്ട്) | 4/15-16-16.2.2016 100000രൂപ | 5 |
| 2 | 56/2016,പശു വളർത്തൽ (ജനറൽ) സ്പിൽഓവർ | 720000(294757 (വികസന.ജനറൽ) 5243(തനത്), ഗുണഭോക്തൃ വിഹിതം-420000 (നേരിട്ട്) | 195000(90000- 6/15-16/16.2.2016, 105000 -9/15-16തീ 28.3.2016) | 13 |
| 3 | 32/2016,പശു വളർത്തൽ (വനിത) | 600000( ഫിനാൻസ്ക മ്മീഷൻ)840000- ഗുണഭോക്തൃ വിഹിതം(നേരിട്ട്) | 180000 ബിൽനം5/15-16 തീ16.2.2016 315000-7/15-16തീ20.3.2016 | 33 |

16.11.13 ലെ ജിഓ(എംഎസ്) 362/13/തസ്വഭവ ഉത്തരവു പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയുടെ ഖ-3-3 പ്രകാരം ഉരുക്കളെ ആരുടെ പക്കൽ നിന്നാണ് വാങ്ങുന്നത് അവരുടെ പേരിൽ സബ്സിഡി ഡിഡിയായോ അക്കൌണ്ട് പേയി ചെക്കായോ

നല്കാവുന്നതാണ്.കൂടാതെ പർച്ചേസ് നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ഗുണഭോക്താക്കളുടെ 7 പേരടങ്ങുന്ന സമിതിയായിരിക്കണം വാങ്ങല് നടത്തേണ്ടത്,എന്നാൽ രേഖകൾലഭ്യമാക്കിയിട്ടില്ല.

2.ഉരുക്കളെ കുറഞ്ഞത് 3 വർഷമെങ്കിലും വളർത്താമെന്ന് കരാർ വച്ചിട്ടില്ല.

3.ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ ഇല്ല

4.തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല.

ആയത് സംബന്ധിച്ച് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ 790000/- രൂപ- തടസ്സപ്പെടുത്തുന്നു.രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-22 <u>പശ്ചിമഘട്ട വികസന പദ്ധതിപഞ്ചായത്ത് വിഹിതം നല്കൽ-രേഖകൾ ഹാജരാക്കിയിട്ടില്ല</u>

പ്രോജക്ട്നം- 87/16 പശ്ചിമഘട്ട വികസന പദ്ധതി-പഞ്ചായത്ത് വിഹിതം നല്കൽ-

നിർവ്വഹണം- സെക്രട്ടറി

അടങ്കൽ -48375/-രൂപ (തനത്ഫണ്ട്)

ചെലവ് - 48375/-രൂപ (ചെക്ക് നം-812151/12.8.2015)

പശ്ചിമഘട്ട വികസന പദ്ധതി പ്രോജക്ട് നടപ്പിലാക്കുന്നത് കൃഷിഓഫീസർ ആണ്. പഞ്ചായത്ത് ഫണ്ടിൽ നിന്നും തുക പിൻവലിച്ച് കൃഷി ഓഫീസറുടേയും പ്രസിഡന്റിന്റേയും പേരിലുള്ള സംയുക്ത അക്കൗണ്ടുകളിലേക്ക് നൽകുന്നതിന് പകരം 48375/- രൂപ പഴകുളം സോഷ്യൽ സർവ്വീസ് സൊസൈറ്റിക്ക് (ചെക്ക് നം01812151/12.8.2015) നൽകിയിരിക്കുകയാണ്. തനത് ഫണ്ടില് നിന്നും തുക പിൻവലിച്ചാണ് നൽകിയിരിക്കുന്നത്.ആയത് അംഗീരിക്കാവുന്നതല്ല.വികസനഫണ്ടിൽ നിന്നുമാണ് പദ്ധതി വിഹിതം നൽകേണ്ടിയിരുന്നത്.കൂടാതെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.48375/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-23 <u>ജീപ്പ് റിപ്പയറിംഗ്- നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.</u>

1.ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെ.എൽ. 25 ഇ . എന്ന ബൊലെറോ ജീപ്പിന്റെ 4 ടയറുകൾ മാറ്റിയതിന് ഷാലോം ടയർ ഷോപ്പിന് വൌച്ചർ നം-21500809 തീയതി 4.12.15 പ്രകാരം 26600/- രൂപ ചെലവ് ചെയ്തു. ജീപ്പിന്റെ ടയർ കേടായതായും ആയത് മാറ്റണമെന്നുമുള്ള ജീപ്പ് ഡ്രൈവറുടെ ആവശ്യപ്രകാരം പഞ്ചായത്ത് കമ്മറ്റിയുടെ 29-9-2015 ലെ 6(12) നം തീരുമാനപ്രകാരമാണ് ടയർ വാങ്ങിയത്. വൗച്ചർ നം 215001251/26-3-16 പ്രകാരം 30125/- രൂപ ജീപ്പ് അറ്റകുറ്റപണി,സ്പെയർ പാർട്സ് എന്നിവയ്ക്കായി 23-3-16 ലെ 2(1) തീരുമാന പ്രകാരം തുക ചെലവഴിച്ചു.ടയർ മാറ്റിയതായി ലോഗ് ബുക്കിൽ രേഖപ്പെടുത്തലുകളില്ല.എന്നാൽ മേൽ പ്രവൃത്തികൾ അംഗീകൃത എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പരിശോധനയോ , ശുപാർശയോ കൂടാതെയാണ് നടത്തിയിട്ടുള്ളത്. (മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നുള്ള എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.) ആയതിനാൽ 56725/- രൂപയുടെ (26600+30125) ചെലവ്

തടസ്സപ്പെടുത്തുന്നു. വിശദീകരണം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-24 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - സാധന ഘടകങ്ങൾ ഉൾപ്പെടുന്ന പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നില്ല

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ ഉറപ്പാക്കുന്നതോടൊപ്പം സ്ഥായിയായതും ഉല്പാദന ക്ഷമവുമായ സാമൂഹ്യ ആസ്തികളുടെ നിർമ്മാണം ഉറപ്പാക്കുക എന്നതും ലക്ഷ്യമാക്കി തൊഴിലുറപ്പ് പദ്ധതി പ്രവൃത്തികൾക്കുള്ള സാധന സാമഗ്രികളുടെ വാങ്ങലും സംഭരണവും വിനിയോഗവും സംബന്ധിച്ച് 31.03.12ലെ സ.ഉ(കൈ)നം.93/12/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും സിമന്റ് കോൺക്രീറ്റ് റോഡുകൾ ഉൾപ്പെടെയുള്ള ഗ്രാമീണ റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കാമെന്ന് 02.02.12ലെ സ.ഉ.(സാധാ)നം.334/12/ത.സ്വ.ഭ.വ ഉത്തരവിലും സ.ഉ.(കൈ)നം.93/12/ത.സ്വ.ഭ.വ ഉത്തരവിൽ നിർദ്ദേശിയ്ക്കും പ്രകാരം സാധന സാമഗ്രികൾ വാങ്ങി നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കണമെന്ന് 30.03.15ലെ ടി.ടി 2/116/2015/എൽ.എസ്.ജി.ഡി.നമ്പർ സർക്കുലറിലും ഓരോ ഗ്രാമപഞ്ചായത്തിലും വേതനം സാധനഘടകങ്ങൾ എന്നിവ 60:40 എന്ന അനുപാതത്തിൽ നില നില്ക്കത്തക്ക രീതിയിൽ സാധന ഘടകങ്ങൾ ആവശ്യമുള്ള മറ്റു പ്രവൃത്തികളുടെ കൂടെ പരമാവധി റോഡു പ്രവൃത്തികളും ഏറ്റെടുക്കണമെന്ന് 24.06.15ലെ സ.ഉ.(കൈ)നം.202/15/ത.സ്വ.ഭ.വ ഉത്തരവിലും വ്യക്തമാക്കുകയും 2015-16ൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള വിവിധ പ്രവൃത്തികൾക്ക് ജില്ലാതല പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകരിച്ച് നൽകിയ സാധന സാമഗ്രികൾക്കുള്ള വിലകളും വിദഗ്ധ/അർദ്ധ വിദഗ്ധ തൊഴിലാളികൾക്കുള്ള കൂലിയും 20.07.15 ലെ എ1.539/15 നമ്പർ കത്ത് പ്രകാരം ജോയിൻറ് ഡെപ്യൂട്ടി കമ്മീഷണർ അറിയിക്കുകയും ചെയ്തുവെങ്കിലും സാധന ഘടകങ്ങൾ ഉപയോഗിച്ചുള്ള യാതൊരു പ്രവൃത്തികളും ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടില്ല. വേതന ഘടകം മാത്രമുള്ള പ്രവൃത്തികളാണ് നിർവഹിച്ചിട്ടുള്ളത്.

മാർഗ നിർദ്ദേശങ്ങൾക്കനുസൃതമായി സാധന ഘടകങ്ങൾ ഉൾപ്പെടുന്ന പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-25 ഹൗസ് വേരിഫിക്കേഷൻ ഓഫീസർമാർക്ക് ഹോണറേറിയം- തനത്ഫണ്ടിൽ നിന്ന് അധികം ചെലവ് ചെയ്ത തുക തിരികെ ലഭ്യമാക്കിയിട്ടില്ല

2015-ലെ പൊതുതെരെഞ്ഞെടുപ്പിന്റെ ഭാഗമായി ഫോട്ടോ പതിച്ച വോട്ടർ പട്ടിക തയ്യാറാക്കുന്നതിന് വേണ്ടി ഫീൽഡ് വേരിഫിക്കേഷൻ നടത്തിയ 21 ഹൗസ് വേരിഫിക്കേഷൻ ഓഫീസർമാർക്ക് (HVO) ഹോണറേറിയം ഇനത്തിൽ 1500/- രൂപ നിരക്കിൽ തനതു ഫണ്ടിൽ നിന്ന് നൽകിയ ഇലക്ഷൻ കമ്മിഷൻ വിഹിതം നാളിതു വരെയും തിരികെ ലഭ്യമാക്കിയിട്ടില്ല.

സംസ്ഥാന തെരെഞ്ഞെടുപ്പ് കമ്മീഷന്റെ 28.10.14 ലെ 552/14/SE നമ്പർ ഉത്തരവ് പ്രകാരം ഹൗസ് വേരിഫിക്കേഷൻ ഓഫീസർമാർക്ക് 2000/- രൂപ ഹോണറേറിയം അനുവദിച്ചിരുന്നു. ഇതിൽ 500/- രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനവും, 1500/- രൂപ

ഇലക്ഷൻ കമ്മീഷനും നൽകും എന്നതായിരുന്നു വ്യവസ്ഥ. എന്നാൽ ഇലക്ഷൻ കമ്മീഷൻ വിഹിതം ലഭ്യമാക്കാൻ കാലതാമസം വരുമെന്നതിനാൽ ആയതു കൂടി താൽകാലികമായി പഞ്ചായത്തു ഫണ്ടിൽ നിന്നും നൽകണമെന്നും, ഫണ്ട് ലഭ്യമാകുന്ന മുറക്ക് 1500/- രൂപ നിരക്കിലുള്ള തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് റീംബേഴ്സ് ചെയ്തു നൽകുന്നതാണെന്ന് സംസ്ഥാന തെരെഞ്ഞെടുപ്പ് കമ്മീഷൻ 21.03.15 ലെ 2614/എഫ്/14 നമ്പർ കത്ത് പ്രകാരം അറിയിച്ചു.ആയതിന്റെയടിസ്ഥാനത്തിൽ പഞ്ചായത്തിലെ 21 HVO മാർക്ക് 2000/- രൂപ നിരക്കിൽ 42,000/-രൂപ തനതു ഫണ്ടിൽ വിതരണം ചെയ്തു( വൗച്ചർ നം-21500030/7.4.15 മുതൽ വൌച്ചർ നം 21500047/7.4.15 വരേയും ,വൌച്ചർ നം. 21500048/9.4.15,വൌച്ചർ നം. 21500030/16.4.15ഇവ പ്രകാരവും). എന്നാൽ ഇലക്ഷൻ കമ്മീഷൻ വിഹിതം നാളിതുവരെയായി റീഫണ്ട് ചെയ്ത് ലഭിച്ചിട്ടില്ല.21 HVO മാർക്ക് 1500 /-രൂപ നിരക്കിൽ നല്കിയ 31500/- രൂപ തിരികെ ലഭ്യമാക്കി തനത് ഫണ്ടിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-26 തെരുവുവിളക്ക് അറ്റകുറ്റപണി-പ്രോജക്ട് മുഖേനയുള്ള ചെലവ് കൂടാതെ തനത് ഫണ്ടിൽ നിന്ന് തുക ചെലവ് ചെയ്തു.

തെരുവുവിളക്ക് അറ്റകുറ്റപണിയ്ക്കായി ശ്രീ.ഷാജഹാൻ ,സംഘം ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്ന് സാധന സാമഗ്രികൾ വാങ്ങിയ ഇനത്തിൽ 19825/- രൂപ ചെലവു ചെയ്തു.(ചെക്ക് 21500942/ 7-1-16). എന്നാൽ ഇതേ വർഷം പ്രോ.നം. 47/16 പ്രോജക്ട് പ്രകാരം തെരുവുവിളക്ക് അറ്റകുറ്റപണിയ്ക്കായി സാധനങ്ങൾ കൊച്ചുമേലതിൽ ഏജൻസിയിൽ നിന്ന് വാങ്ങി.ഇത്തരത്തിൽ ചെലവ് ചെയ്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-27 അംഗൻവാടി ഭൌതിക സാഹചര്യം-വൈദ്യുതി, കുടിവെള്ളം- ലഭ്യമാക്കേണ്ടതാണ്

ആകെ 33 അംഗൻവാടികളുള്ളതിൽ 17 എണ്ണം സ്വന്തം കെട്ടിടത്തിലും 16 എണ്ണം വാടകകെട്ടിടത്തിലും ഒരെണ്ണം വാടകരഹിതമായും പ്രവർത്തിക്കുന്നു. സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നവയിൽ 2 എണ്ണത്തിൽ മാത്രമേ വൈദ്യുതി കണക്ഷൻ ഉള്ളൂ. (അംഗൻവാടി നം. 45,52).ഉറസ്സായ കിണർ 21 എണ്ണത്തിനും 4 എണ്ണത്തിന് പൈപ്പ് കണക്ഷനും ലഭ്യമാണ്. ഒരു അംഗൻവാടി അടുത്തുള്ള കിണറിനേയും (നം.39) 7എണ്ണം അടുത്തുള്ള പൈപ്പിനേയും (നം.58,60,62,66,173,179,184) ആശ്രയിക്കുന്നു. അംഗൻവാടികളിൽ കുടിവെള്ള ലഭ്യത ഉറപ്പാക്കാനും വൈദ്യുത കണക്ഷൻ ലഭ്യമാക്കാനുമുള്ള അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-28 ആശ്രയ പദ്ധതി അവലോകനം

ആശ്രയ പദ്ധതി പുരോഗതി സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു

| | ഇനം | 1st പ്രോജക്ട് | 2nd പ്രോജക്ട് |
|---|---|---|---|
| 1 | ആശ്രയ പദ്ധതി സർവേ പ്രകാരം ഗ്രാമ | 85 | 150 |

| | | | | |
|---|---|---|---|---|
| | പഞ്ചായത്ത് പരിതിയിലുള്ള ആശ്രയ കുടുംബങ്ങൾ | | | |
| 2 | പദ്ധതി പ്രകാരം ആകെ ആശ്രയ | | 212 | 290 |
| 3 | പദ്ധതി പ്രകാരം വീടുവെയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | | 44 | 14 |
| 4 | നാളിതുവരെ ലഭിച്ചവർ | | 17 | |
| 5 | പദ്ധതി പ്രകാരം വീട് ആവശ്യമുള്ളവർ | | 59 | 28 |
| 6 | നാളിതുവരെ ലഭിച്ചവർ | | 25 | - |
| 7 | പദ്ധതി പ്രകാരം വീട് റിപ്പയർ ആവശ്യമുള്ളവർ | | 2 | |
| 8 | നാളിതുവരെ ലഭിച്ചവർ | | 2 | - |
| 9 | പദ്ധതി പ്രകാരം കക്കൂസ് ആവശ്യമുള്ളവർ | | 19 | 7 |
| 10 | നാളിതുവരെ ലഭിച്ചവർ | | 0 | 0 |
| 11 | പദ്ധതി പ്രകാരം കുടിവെള്ള സൗകര്യം ആവശ്യമുള്ളവർ | | 52 | 10 |
| 12 | ഗ്രാമ പഞ്ചായത്ത് പരിതിയിൽ ആശ്രയ പദ്ധതി പ്രകാരം ഭക്ഷണം ,മരുന്ന് തുടങ്ങിയ അത്യാവശ്യ സഹായം ആവശ്യമുള്ള കുടുംബങ്ങൾ / വ്യക്തികൾ | | | 150 |
| 13 | ഗ്രാമ പഞ്ചായത്ത് പരിതിയിൽ ആശ്രയ പദ്ധതി പ്രകാരം ചലഞ്ച് ഫണ്ട് ഉപയോഗപ്പെടുത്തി ഭക്ഷണം, മരുന്ന് തുടങ്ങിയ അത്യാവശ്യ സഹായം നല്കുന്ന കുടുംബങ്ങൾ / വ്യക്തികൾ | | 48 | 148 |
| 14 | ആശ്രയ പദ്ധതി പ്രകാരം നാളിതുവരെ വരവ് | ചലഞ്ച് ഫണ്ട് | 1500000 | 666666 |
| | | പ്ലാൻ ഫണ്ട് | 4312500 | - |
| 15 | ആശ്രയ പദ്ധതി പ്രകാരം | ചലഞ്ച് ഫണ്ട് | 841639 | 440724 |

| | | | | |
|---|---|---|---|---|
| | ചെലവ് | പ്ലാൻ ഫണ്ട് | 4312500 | |
| 16 | നീക്കിയിരിപ്പ് | ചലഞ്ച് ഫണ്ട് | 925327 | 225942 |
| | | പ്ലാൻ ഫണ്ട് | | - |
| 17 | ചെലവ് ശതമാനം | ചലഞ്ച് ഫണ്ട് | 56 | 66 |
| | | പ്ലാൻ ഫണ്ട് | 100 | - |

ചലഞ്ച് ഫണ്ട് ഇനത്തിൽ ചെലവാക്കുവാൻ അവശേഷിക്കുന്ന തുക ആശ്രയ ഗുണഭോക്താക്കൾക്ക് പ്രയോജനപ്രദമാകും രീതിയിൽ പ്രോജക്ട് വച്ച് ചെലവഴിക്കേണ്ടതാണ്.

## 3-29 അസാധാരണ ചെലവുകൾ- ചട്ടപ്രകാരമുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല.

2015-16 ലെ തനത്ഫണ്ട് ചെലവ് രേഖകളുടെ പരിശോധനയിൽ പഞ്ചായത്ത് ആസ്തികളുടെ ഉദ്ഘാടനങ്ങൾ, പഞ്ചായത്തിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ചടങ്ങുകൾ, സംഭാവനകൾ തുടങ്ങിയ ഇനങ്ങളിൽ തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ആയത് അസാധാരണ ചെലവിനങ്ങളായി പരിഗണിക്കാതെ ദൈനംദിന ചെലവായാണ് രേഖപ്പെടുത്തിയിരിക്കുന്നത് എന്ന് കാണുന്നു. ചെലവ് രേഖകളിൽ അസാധാരണ ചെലവ് എന്ന് രേഖപ്പെടുത്തിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങൾ പ്രകാരം അസാധാരണ ചെലവുകൾ നടത്തുവാൻ അനുവദനീയമായ ഇനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് അസാധാരണ ചെലവ് സംബന്ധിച്ച ഒരു രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. ഇതിൽ ചെലവാക്കിയ തുക, പഞ്ചായത്ത് തീരുമാനം നമ്പർ, തിയതി, ആകെ ചെലവ് തുക എന്നിവ രേഖപ്പെടുത്തിയിരിക്കണം. ചെലവഴിച്ച തുകയുടെ രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതും അസാധാരണ ചെലവുകളുടെ വാർഷിക കണക്ക് പ്രത്യേകമായി ഗ്രാമസഭകളിൽ അവതരിപ്പിക്കേണ്ടതുമാണ്. അസാധാരണ ചെലവുകൾ നിർവ്വഹിക്കുമ്പോൾ 2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങളിലെ നിബന്ധനകൾ കർശനമായും പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-30 റീ ചാർജ്ജ് പിറ്റ്, ഖരമാലിന്യസംസ്കരണ കുഴി എന്നിവയ്ക്ക തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ ഔട്ട്ടേൺ 55% ആണെന്ന് കണക്കാക്കി ഡാറ്റ തയ്യാറാക്കി അധിക നിരക്ക് നൽകി-തടസ്സം-384268/- രൂപ

തൊഴിലാളികൾക്കുള്ള ഔട്ട്ടേൺ 55% മാത്രമാണ് എന്ന് നിശ്ചയിച്ച് ഡാറ്റ തയ്യാറാക്കിയതുമൂലം മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി റീചാർജ്ജ് പിറ്റ് നിർമ്മാണം , ഖരമാലിന്യ സംസ്കരണ കുഴി നിർമ്മാണം ഇവയ്ക്ക് അർഹമായതിലും അധികം തുക നൽകി.

കട്ടിയുള്ള മണ്ണ് കിളച്ചുമാറ്റുന്ന പ്രവൃത്തിയ്ക്ക് ആവശ്യമായ തൊഴിൽ ദിനം SDB ഇനം നം.57

പ്രകാരം 10 ക്യൂബിക് മീറ്ററിന് 5.475 മനുഷ്യദിനം ആണ്.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2.028 ക്യൂബിക് മീറ്റർ അളവിൽ (1.3x1.3x1.2) ഖരമാ്ലിന്യക്കുഴി നിർമ്മിയ്ക്കുന്നതിന് നൽകാവുന്ന നിരക്ക് ചുവടെ ചേർക്കുന്നു. കട്ടിയുള്ള മണ്ണ് കിളച്ചുമാറ്റുന്ന പ്രവൃത്തി.

10 ക്യൂബിക് മീറ്ററിന് ആവശ്യമായ മനുഷ്യദിനം :5.475

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഒരു മനുഷ്യദിനത്തിന് നൽകാവുന്ന കൂലി :229/-രൂപ

10ക്യൂബിക് മീറ്ററിന് നൽകാവുന്ന കൂലി :5.475x229 =1253.77

1)റീചാർജ് പിറ്റ് നിർമ്മാണം.

നൽകാവുന്ന നിരക്ക്

2.16ക്യൂബിക് മീറ്റർ(1.5x1.2x1.2) അളവിൽ മഴക്കുഴി നിർമിയ്ക്കുന്നതിന് നൽകാവുന്ന മനുഷ്യദിനം :5.475x2.16/10 = 1.1826

2.16ക്യൂബിക് മീറ്റർ അളവിൽ മഴക്കുഴി നിർമിയ്ക്കുന്നതിന് നൽകാവുന്ന നിരക്ക് :1.1826x229 = 270.82

തൊഴിലാളികൾക്കുള്ള ഔട്ട്ടേൺ 55% മാത്രമാണ്എന്ന് നിശ്ചയിച്ച് ഡാറ്റ തയ്യാറാക്കി നൽകിയ നിരക്ക്

കട്ടിയുള്ള മണ്ണ്

10 ക്യൂബിക് മീറ്ററിന് നൽകാവുന്ന കൂലി :5.475x229 =1253.77

ഔട്ട്ടേൺ 55% മാത്രമാണ് എന്ന് കണക്കാക്കുമ്പോൾ നൽകാവുന്ന കൂലി = 1253.77/5.5 ക്യൂബിക് മീറ്റർ

ആയതിനാൽ 2.16ക്യൂബിക് മീറ്റർ അളവിൽ മഴക്കുഴിനിർമിയ്ക്കുന്നതിന്

നൽകിയ നിരക്ക് : 1253.77/5.5x2.16 =492

ഇത്തരത്തിൽ നടത്തിയ പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | എടുത്ത കുഴികളുടെ എണ്ണം | ചെലവഴിച്ച തുക @492 | അനുവദനീയമായ തുക@ 271 | അധികം ചെലവഴിച്ചതുക | എഫ്.റ്റി.ഒ.നം |
|---|---|---|---|---|---|
| പാതിരിക്കൽ വാർഡിലെ വിവിധ പുരയിടങ്ങളിൽ റീചാർജ് പിറ്റ്,എം.ബുക്ക് നം.19/15-16 | 139 | 68388 | 37669 | 30719 | 22.8.1518.3.16 |
| മങ്കോട് വാർഡിലെ വിവിധ പുരയിടങ്ങളിൽ റീചാർജ്ജ് പിറ്റ്, എം.ബുക്ക്.നം.5-15.16 | 140 | 68880 | 37940 | 30940 | 5236-4.7.15 |

| | | | | | |
|---|---|---|---|---|---|
| നടുക്കുന്ന് നോർത്ത് വാർഡിലെ വിവിധ പുരയിടങ്ങളിൽ റീചാർജ്ജ് പിറ്റ്, എം.ബുക്ക്.നം.8-15.16 | 45 | 22140 | 12195 | 9945 | 5819-24.7.15 |
| അധികം ചെലവഴിച്ച തുക | | | | 71604 | |

2)ഖരമാലിന്യകുഴി നിർമ്മാണം

2.028ക്യൂബിക് മീറ്റർ(1.3x1.3x1.2) അളവിൽ മഴക്കുഴി നിർമിയ്ക്കുന്നതിന് നൽകാവുന്ന മനുഷ്യദിനം :5.475x2.028/10 = 1.1103

2.028ക്യൂബിക് മീറ്റർ അളവിൽ മഴക്കുഴി നിർമിയ്ക്കുന്നതിന് നൽകാവുന്ന നിരക്ക് :1.1103x229 = 254.26

തൊഴിലാളികൾക്കുള്ള ഔട്ട്ടേൺ 55% മാത്രമാണ്എന്ന് നിശ്ചയിച്ച് ഡാറ്റ തയ്യാറാക്കി നൽകിയ നിരക്ക്

കട്ടിയുള്ള മണ്ണ്

10 ക്യൂബിക് മീറ്ററിന് നൽകാവുന്ന

കൂലി :5.475x229 =1253.77

ഔട്ട്ടേൺ 55% മാത്രമാണ് എന്ന് കണക്കാക്കുമ്പോൾ നൽകാവുന്ന കൂലി = 1253.77/5.5 ക്യൂബിക് മീറ്റർ

ആയതിനാൽ 2.03 ക്യൂബിക് മീറ്റർ അളവിൽ മഴക്കുഴിനിർമിയ്ക്കുന്നതിന്

നൽകിയ നിരക്ക് : 1253.77/5.5x2.03 = 462.75

2.03ക്യൂബിക് മീറ്റർ അളവിൽ മഴക്കുഴി നിർമിയ്ക്കുന്നതിന് നൽകാവുന്ന തുക 254.26 ആയിരിക്കെ മനുഷ്യദിനം അധികം കണക്കാക്കി 463രൂപയായി നിർണ്ണയിച്ച് വിവിധ പ്രവൃത്തികൾക്കുള്ള വേതനം നൽകിയിരിക്കുന്നു. പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | എടുത്ത കുഴികളുടെ എണ്ണം | ചെലവഴിച്ച തുക @463 | അനുവദനീയമായ തുക@ 254 | അധികം ചെലവഴിച്ചതുക | എഫ്.റ്റി.ഒ.നം |
|---|---|---|---|---|---|
| കാരംമൂട് വിവിധ പുരയിടങ്ങളിൽ ഖരമാലിന്യ സംസ്കരണത്തിനുവേണ്ടി കുഴി,എം.ബുക്ക് നം.126./15-16 | 335 | 155105 | 85090 | 70015 | 2022-18.3.16 |
| മഞ്ചല്ലൂർ വിവിധ പുരയിടങ്ങളിൽ ഖരമാലിന് സംസ്കരണത്തിനായി കുഴി, എം.ബുക്ക്.നം.125-15.16 | 262 | 121306 | 66548 | 54758 | 3166-4.2.16 |
| പൂക്കുളഞ്ഞി വാർഡിലെ വിവിധ പുരയിടങ്ങളിൽ ഖരമാലിന് | 303 | 140289 | 76962 | 63327 | 1692-4.9.16 |

| | | | | | |
|---|---|---|---|---|---|
| സംസ്കരണത്തിനായി കുഴി, എം.ബുക്ക്.നം.120-15.16 | | | | | |
| നടുക്കുന്ന് നോർത്ത് - വിവിധ പുരയിടങ്ങളിൽ ഖരമാലിന് സംസ്കരണത്തിനായി കുഴി, എം.ബുക്ക്.നം.122-15.16 | 262 | 121306 | 66548 | 54758 | 2046-19.3.16 |
| മങ്കോട്- വിവിധ പുരയിടങ്ങളിൽ ഖരമാലിന് സംസ്കരണത്തിനായി കുഴി, എം.ബുക്ക്.നം.119-15.16 | 334 | 154642 | 84836 | 69806 | 2048-19.3.16 |
| നഷ്ടം | | | | 312664 | |

മേൽ വിഷയം സംബന്ധിച്ച് വിശദീകരണം ആരാഞ്ഞതിന് തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 29-05-2014 ലെ 1340//EGS A/14/REGS നമ്പരായ സർക്കുലറിലെ നിർദ്ദേശ പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് അറിയിച്ചിട്ടുണ്ട്.എന്നാൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലെടുക്കുന്നവരുടെ ഔട്ട്ടേൺ 55% മാത്രമാണ്എന്ന് കണക്കാക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ള യാതൊരു ഉത്തരവുകളും ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ റീ ചാർജ്ജ് പിറ്റ്, മാലിന്യ നിർമ്മാർജ്ജനം എന്നിവയ്ക്കായി കുഴിയെടുത്ത വകയിൽ അധികമായി നൽകിയ384268/- (312664+71604)രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു. നിരക്ക് കണക്കാക്കിയതിനെ സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-31 കുണ്ടയം ദേശീയ ഗ്രന്ഥശാല- ആസ്തിരജിസ്റ്ററിൽ ഉൾപ്പെടാത്ത കെട്ടിടത്തിന് മെയിന്റനൻസ് നടത്തി

അസി. എഞ്ചിനീയർ 266-16 നമ്പരായി ഏറ്റെടുത്ത പ്രോജക്ട് പ്രകാരം തനത്ഫണ്ടിൽ നിന്നും ചെക്ക് നം.189123 തീയതി29.12.15 പ്രകാരം 150000/- രൂപ ചെലവഴിച്ച് ഗുണഭോക്തൃസമിതി മുഖേന (കൺവീനർ-ശ്രീ. എം.വിഷ്ണു) ചെലവ് ചെയ്ത് തറ ടൈലിടിൽ, പെയിന്റിംഗ് തുടങ്ങിയ പ്രവൃത്തികൾ നിർവ്വഹിച്ചു. എന്നാൽ മേൽ കെട്ടിടത്തിൽ നിലവിൽ പ്രവർത്തിക്കുന്ന ഗ്രന്ഥശാല പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ളതല്ല. കൂടാതെ ടി കെട്ടിടം പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. ഇതുമായി ബന്ധപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.28/28-1-17) മറുപടി ലഭ്യമാക്കിയിട്ടില്ല.ഇഎംഎസ് ലൈബ്രറി മാങ്കോട്,സെൻട്രൽ ലൈബ്രറി പത്തനാപുരം എന്നിവ മാത്രമാണ് പഞ്ചായത്തിന്റെ അധീനതയിലുള്ള ലൈബ്രറികൾ. ആയതിനാൽ പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടാത്ത കെട്ടിടത്തിന്റെ മെയിന്റനൻസ് പ്രവൃത്തികൾ ചെയ്തത് അംഗീകരിക്കുന്നില്ല. ചെലവ് തുക നിരാകരിക്കുന്നു.

## 3-32 വാഴപ്പാറ-മാങ്കോട് കുടിവെള്ള പദ്ധതി പഞ്ചായത്ത് ഫണ്ടിൽ നിന്നും പരിപാലനചെലവ് നിർവഹിക്കുന്നു

പഞ്ചായത്തിന്റെ അധീനതയിലുള്ള വാഴപ്പാറ-മാങ്കോട് കുടിവെള്ള പദ്ധതി 2009 ൽ കമ്മീഷൻ ചെയ്തതാണ്. എന്നാൽ ടി കുടിവെള്ള പദ്ധതി ഗുണഭോക്തൃസമിതിക്ക്

കൈമാറിയിട്ടില്ല, കുടിവെള്ള പദ്ധതി ഗുണഭോക്തൃസമിതിക്ക് കൈമാറിയിട്ടില്ലാത്തതിനാൽ പഞ്ചായത്ത് തന്നെ പ്രോജക്ട് വച്ച് കറൻറ്ചാർജ്ജ് , വാർഷിക പരിപാലനം,ഇവയ്ക്ക് തുക ചെലവഴിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

2015-16 സാമ്പത്തിക വർഷത്തിൽ ടി കുടിവെള്ള പദ്ധതിയുടെ കറൻറ് ചാർജ്ജിനത്തിൽ തനത്ഫണ്ടിൽ നിന്നും പ്രോജക്ട് വച്ച് (SO91/2016, അടങ്കൽതുക- 200000/- രൂപ) 55380/- രൂപ ചെലവാക്കിയിട്ടുണ്ട്

അസിസ്റ്റൻറ് സെക്രട്ടറി നിർവ്വഹണം നടത്തിയ വാഴപ്പാറ-മാങ്കോട് കുടിവെള്ള പദ്ധതിക്കായി-എ.എം.സി(so/18-16) ചെലവ് തുക-500000രൂപ (ബിൽ നം -20/15-16 തീയതി31.12.2015) (വികസനഫണ്ട്എസ്.സി.പി)എക്സിക്യൂട്ടീവ് എൻജിനീയർ,പി.എച്ച്.ഡിവിഷൻ,കൊട്ടാരക്കരയ്ക്ക് നൽകിയിട്ടുണ്ട്.എന്നാല് വാർഷിക പരിപാലന ചെലവിനത്തിൽ പിൻവലിച്ച 5,00,000/- രൂപയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല. ആയതിനാൽ 5 ലക്ഷം രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-33 ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി ജീവനക്കാർക്ക് സറണ്ടർ ആനുകൂല്യം നൽകിയത്

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കരാർ ജീവനക്കാർക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ എ1-2213 16 31.3.16 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 15 ദിവസത്തെ ആർജ്ജിതാവധി സറണ്ടർ അനുവദിച്ചു നൽകി. വിശദവിവരം ചുവടെ ചേർക്കുന്നു.എന്നാൽ മേൽ ജീവനക്കാരുടെ സേവനകാലയളവ് ,അർഹമായ അവധി സംബന്ധിച്ച വിവരങ്ങൾ എന്നിവ രേഖപ്പെടുത്തി സേവനപുസ്തകം സൂക്ഷിച്ചിട്ടില്ല. ആയതിനാൽ മേൽ ചെലവിന്റെ സാധുത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ഇക്കാരണത്താൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

| ജീവനക്കാരൻ | ചെക്ക് നം,തീയതി | തുക |
|---|---|---|
| ശ്രീ. ജിനചന്ദ്രൻ,ഓവർസിയർ | 21501341-31.3.16 | 6000 |
| ശ്രീമതി.ഷാഹിൻ,ഓവർസിയർ | 21501340-31.3.16 | 6000 |
| ശ്രീമതി.സൗമ്യ,ഡേറ്റാഎൻട്രി ഓപ്പറേറ്റർ | 21501341-31.3.16 | 6000 |
| ശ്രീമതി. സൂസി ജെയിംസ്, ഡേറ്റാ എന്ട്രി ഓപ്പറേറ്റർ | 21501341-31.3.16 | 6000 |

സേവന പുസ്തകം ഹാജരാക്കി തടസം ഒഴിവാക്കേണ്ടതാണ്.

## 3-34 പാലിയേറ്റീവ് പരിചരണം-മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച 16400/- രൂപ നിരാകരിക്കുന്നു.

പ്രോജക്ട് നം –SO 38 / 16

പ്രോജക്ടിന്റെ പേര് – പാലിയേറ്റീവ് പരിചരണം

അടങ്കൽ തുക – 374000/-രൂപ (വികസനഫണ്ട് ജനറൽ )
ചെലവ് തുക-ബിൽ നം 1/15-16/24.8.15-148800 രൂപ
ബിൽനം -2/15-16/19.11.15-49400രൂപ
ബിൽ നം -3/15-16 18.1.16-88300 രൂപ
ബിൽ നം -4/15-16 31.3.16-87500 രൂപ
മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2015-16 സാമ്പത്തിക വർഷം നടപ്പിലാക്കിയ മേൽ പ്രോജക്ടിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു
1.ബിൽ നം 1/15-16 തീയതി .24/8/15 പ്രകാരം 148800/-- രൂപ
10.7.15 ൽ ഹോം കെയർ നടത്തിയതായി കാണിച്ച് Refreshment-300/- രൂപ,വാഹന വാടക ഇനത്തിൽ1500/- രൂപ ഇവ മാറിയിട്ടുണ്ട്.എന്നാൽ Home care register ൽ ടി ദിവസം സന്ദർശനം നടന്നതായുള്ളരേഖപ്പെടുത്തലുകൾ ഇല്ല. 1800/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.
ജിഓ(ആർടി).3217/2015തസ്വഭവ 29.10.2015 പ്രകാരം ഹോംകെയർ നടത്തുന്ന ദിവസങ്ങളിൽ ഗൃഹസന്ദർസനത്തിന് മുഴുവൻ സമയവും പങ്കെടുക്കുന്ന സന്നദ്ധപ്രവർത്തകർക്ക് (പരമാവധി3 പേർക്ക്)ആവശ്യമായി വരുന്ന ഭക്ഷണചെലവ് 180/- രൂപയാണ് (ഒരാൾക്ക് 60/-രൂപ വീതം)കൂടാതെ മേൽ ഉത്തരവ് ഖ-2.6.5(3) പ്രകാരം വാഹനം വാടകയ്ക്ക് എടുക്കുമ്പോൾ മെഡിക്കൽ ഓഫീസർ ക്വട്ടേഷൻ ക്ഷണിച്ച് എറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത വാഹനം വേണം വാടകയ്ക്ക് എടുക്കേണ്ടത്.കൂടാതെ ഓടിയ ദൂരം അനുസരിച്ച് പരമാവധി വാടക 1100/-രൂപ വരെ നൽകാവുന്നതാണ്. എന്നാൽ ഇവിടെ ഹോംകെയർ നടത്തിയദിവസങ്ങളിൽ Refreshment-300/- രൂപ,വാഹന വാടക ഇനത്തിൽ 1500/- രൂപ ഇവ മാറിയിട്ടുണ്ട്.വിശദാംശം ചുവടെ ചേർക്കുന്നു.

| ദിവസം | വാഹന വാടക | അനുവദിക്കാവുന്നത് (പരമാവധി) |
|---|---|---|
| 13.11.15 | 1500 | 1100 |
| 16.11.15 | 1500 | 1100 |
| 17.11.15 | 1500 | 1100 |
| 19.11.15 | 1500 | 1100 |
| 20.11.15 | 1500 | 1100 |
| 21.11.15 | 1500 | 1100 |
| 23.11.15 | 1500 | 1100 |
| 5.12.2015 | 1500 | 1100 |
| 8.12.15 | 1500 | 1100 |
| 11.12.2015 | 1500 | 1100 |
| 15.12.2015 | 1500 | 1100 |

| | | |
|---|---|---|
| 17.12.2015 | 1500 | 1100 |
| 18.12.2015 | 1500 | 1100 |
| 19.12.2015 | 1500 | 1100 |
| 21.12.2015 | 1500 | 1100 |
| 22.12.2015 | 1500 | 1100 |
| 8.1.16 | 1500 | 1100 |
| 11.1.16 | 1500 | 1100 |
| 12.1.2016 | 1500 | 1100 |
| 14.1.2016 | 1500 | 1100 |
| 16.1.2016 | 1500 | 1100 |
| 18.1.2016 | 1500 | 1100 |
| 19.1.2016 | 1500 | 1100 |
| 21.1.2016 | 1500 | 1100 |
| 8.2.2016 | 1500 | 1100 |
| 9.2.2016 | 1500 | 1100 |
| 11.2.2016 | 1500 | 1100 |
| 12.2.2016 | 1500 | 1100 |
| 15.2.2016 | 1500 | 1100 |
| 18.2.2016 | 1500 | 1100 |
| 19.2.2016 | 1500 | 1100 |
| 20.2.2016 | 1500 | 1100 |
| 8.3.2016 | 1500 | 1100 |
| 10.3.2016 | 1500 | 1100 |
| 11.3.2016 | 1500 | 1100 |
| 14.3.2016 | 1500 | 1100 |
| 15.3.2016 | 1500 | 1100 |
| 17.3.2016 | 1500 | 1100 |
| 18.3.2016 | 1500 | 1100 |
| 19.3.2016 | 1500 | 1100 |
| 21.3.2016 | 1500 | 1100 |
| ആകെ | 61500 | 45100 |

അധികം ചെലവഴിച്ചത്

വാഹന വാടക-16400/-രൂപ

അധികം ചെലവഴിച്ച 16400/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.ആയത് സംബന്ധിച്ച് നൽകിയഎൻക്വയറിക്ക്(നം 11/25.1.17)മറുപടി

ലഭ്യമാക്കിയിട്ടില്ല.

## 3-35 പൊതുമരാമത്ത് പ്രവർത്തികൾക്കുള്ള ബിറ്റുമിൻ-അധിക തുക നൽകൽ- 2013-14,2014-15—മാനദണ്ഡങ്ങൾക്കു വിരുദ്ധം

2015-16 വർഷം അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി സ്പിൽ ഓവറായി ഏറ്റെടുത്ത പ്രോജക്ട് പ്രകാരം(174/16) തനത്ഫണ്ടിൽ വകയിരുത്തിയിരുന്ന 1367453/- രൂപയിൽ നിന്നും 121617/- രൂപ പിൻവലിച്ച് ചെലവ് ചെയ്തു. 2014-15 വർഷം പ്രോജക്ട് നം 171/15 ആയി 2000000 /-രൂപ വകയിരുത്തിയിരുന്നതിൽ 632547/-രൂപ തൻവർഷം ചെലവഴിച്ചു.ശേഷിച്ച തുകയ്ക്ക് സ്പിൽ ഓവറായി പ്രോജക്ട് തയ്യാറാക്കിയാണ് തുക ചെലവഴിച്ചത്. 2014-15 വർഷം കൺവീനർമാർ മുഖേന നടപ്പാക്കിയ 12 പ്രവൃത്തികൾക്കാണ് ബിറ്റുമിൻ വാങ്ങിയതിന് കൺവേയൻസ് ചാർജ്ജ് കൺവീനർമാർ അവരുടെ പക്കൽ നിന്നും എടുത്തിരുന്നു എന്നും ആയത് തിരികെ നൽകാൻ അനുവദിച്ചുകൊണ്ടുള്ള പഞ്ചായത്ത് കമ്മിറ്റിയുടെ 22-7-2015 ലെ 1(14) നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് തുക ചെലവഴിച്ചത്. എന്നാൽ രേഖകൾ പരിശോധിച്ചതിൽ ടി കാലയളവിലെ പ്രവൃത്തികൾക്കാവശ്യമായ ടാർ പഞ്ചായത്ത് വാങ്ങി നൽകുകയായിരുന്നു എന്ന് കാണുന്നു. ടാറിന്റെ വില കുറവുവരുത്തിയാണ് കൺവീനർക്ക് പ്രതിഫലം നൽകിയിട്ടുള്ളത്. പ്രവൃത്തികൾക്ക് ആവശ്യമായ ടാറിന്റെ വില കൺവേയൻസ് ഉൾപ്പെടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുകയും ഡിപ്പാർട്ട്മെന്റ് സപ്ലൈ ചെയ്ത സാഹചര്യത്തിൽ ടാറിന്റെ വില കൺവീനറിൽ നിന്ന് തിരികെ ഈടാക്കുകയും ചെയ്ത ശേഷം കൺവേയൻസ് കൺവീനർ വഹിച്ചു എന്ന് കാണിച്ച് ചെലവ് വരുത്തിയത് അംഗീകരിക്കാനാവില്ല. ഇതുമായി ബന്ധപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ജി.ഒ (സാ.ധ) 115/2011/തദ്ദേശ സ്വയം ഭരണ വകുപ്പ തീയതി 12.1.2011ഉത്തരവ് പ്രകാരമാണ് തുക നൽകിയതെന്ന് വിശദീകരിച്ചിട്ടുണ്ട്. എന്നാൽ ആയത് 2010 ലെ ഷെഡ്യൂൾ നിരക്കുകൾ പ്രാബല്യത്തിൽ വന്ന സാഹചര്യത്തിൽ വന്ന നിർദ്ദേശപ്രകാരം ടാറിന്റെ ,ഷെഡ്യൂൾ നിരക്ക് പ്രകാരമുള്ള തുക മാത്രം റിക്കവറി നടത്തേണ്ടതാണെന്നും അധികചെലവ് വേണ്ടിവരുന്ന പക്ഷം പ്രോജക്ടിൽ പ്രത്യേകമായി വകയിരുത്തണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ 2012 ൽ ഷെഡ്യൂൾ നിരക്ക് പുതുക്കി. മാത്രമല്ല പഞ്ചായത്ത് ടാർവാങ്ങിയ വേളയിൽ ഷെഡ്യൂൾ നിരക്കിനേക്കാൾ അധികനിരക്ക് നൽകേണ്ടിവന്നുവെന്നും ആയത് പ്രോജക്ടിൽ ഉൾപ്പെടുത്തി നൽകിയിട്ടില്ല എന്നും കൺവീനർമാരാണ് നൽകിയതെന്നും ഉറപ്പാക്കാനുള്ള ടാർ വാങ്ങിയ ബിൽ , ഇൻവോയിസ് തുടങ്ങി യാതൊരുരേഖകളും ലഭ്യമല്ല. ഈ സാഹചര്യത്തിൽ 2015-16 വർഷം കൺവീനർമാർക്ക് നൽകിയ തുകയുടെ (121617)വിനിയോഗം നിരാകരിക്കുന്നു. 2014-15 വർഷം ചെലവുചെയ്ത 632547/- രൂപയുൾപ്പെടെ ആകെ മേൽ പ്രോജക്ടിനായി ചെലവഴിച്ച 754164/- രൂപ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. 2015-16 ൽ നടത്തിയ ചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവർത്തിയുടെ വിവരം | തുക | ചെക്ക് നം,തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| 1 | വായനശാല കുളത്തുംകര ആനക്കുഴി റോഡ് | 23657 | 01812147-22.7.15 |
| 2 | ആല്ലുവിള-മണികണ്ഠൻ ചിറ റോഡ്(133/15) | 7980 | |
| 3 | കാനച്ചിറ ഠൗൺ-സെന്റ് സ്റ്റീഫൻസ് റോഡ് ടാറിംഗ്,(173/15) | 4560 | |
| 4 | തൈക്കാവ് മുക്കൻ തോട് റോഡ് റീടാറിംഗ്,(157/15) | 13210 | 0189114/28-10-15 |
| 5 | കട്ടച്ചിക്കടവ്-പള്ളിറോഡ് റീടാറിംഗ്,(187/15) | 8170 | 21500694-22.7.15 |
| 6 | എ.ജി ചർച്ച് തച്ചൻറോഡ് റീടാറിംഗ്,(203/15) | 4370 | 21500695-22.7.15 |
| 7 | എരപ്പൻ തോട്-ചെലക്കാട് റോഡ്,(214/15) റീടാറിംഗ് | 4180 | 21500696-22.7.15 |
| 8 | വട്ടക്കാവു പള്ളി മാങ്കോട് റോഡ് റീടാറിംഗ് 176/15 | 6270 | |
| 9 | കുമ്പിക്കൽ ഏലാ റോഡ് റീടാറിംഗ് 139/15 | 6080 | |
| 10 | ആല്ലുവിള ചാമക്കാല റോഡ് റീടാറിംഗ് | 7790 | |
| 11 | പോസ്റ്റോഫീസ് പുല്ലൻകണ്ണ് റോഡ് 184/15 | 5700 | |
| 12 | പൂങ്കുളഞ്ഞി അറയ്ക്കൽ റോഡ് റീടാറിംഗ് | 6080 | 0189114-28.10.15 |
| 13 | പഞ്ചായത്ത് ഓഫീസ് ബാബാ സാഹിബ് നഗർ -ലക്ഷം വീട് കോളനി റോഡ് | 23570 | 0189144-28.03.16 |
| | ആകെ | 121617 | |

## 3-36 തെരുവ് വിളക്കുകളുടെ വാർഷികപരിപാലനം-199850/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം -79/2016

പ്രോജക്ടിന്റെ പേര്-തെരുവ് വിളക്കുകളുടെ വാർഷികപരിപാലന ചെലവ്

അടങ്കൽ തുക-200000/- രൂപ (തനത്ഫണ്ട്)

ചെലവ് -199850/- രൂപ

മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തിതെരുവു വിളക്കുകളുടെവാർഷിക പരിപാലനത്തിനായി താഴെപ്പറയുന്ന തുകകൾ ശ്രീ തോമസ് ജോൺ എന്ന വ്യക്തിക്ക് നൽകിയിട്ടുണ്ട്.

ചെക്ക് നം -02053/23.12.2015-57140/-രൂപ

002142/4.2.2016/-47355/- രൂപ

02390/29.3.2016-44095/- രൂപ

001657/25.8.2015-51260/-രൂപ

എന്നാൽ ടിയാൾ അംഗീകൃത കരാറുകാരനാണെന്ന് തെളിയിക്കുന്ന രേഖകൾ ,ടിയാളുടെ ക്വട്ടേഷൻ അംഗീകരിച്ച കമ്മിറ്റി തീരുമാനം ,എഗ്രിമെൻറ് ഇവ ഹാജരാക്കിയിട്ടില്ല.കൂടാതെ കെ.എസ്.ഇ.ബിയുടെ വിനിയോഗസർട്ടിഫിക്കറ്റ് ഇവ ഹാജരാക്കിയിട്ടില്ല.ആയത് സംബന്ധിച്ച് നല്കിയഎൻക്വയറിക്ക് (നം 26/30.3.2016) മറുപടി ഹാജരാക്കിയിട്ടില്ല.ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 199850/- രൂപ

തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസം ഒഴിവാക്കേണ്ടതാണ്.

**3-37** വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഗ്രാമകേന്ദ്രത്തിന് പെയിൻറടിക്കുന്നതിന് തുക നൽകി

വൌച്ചർ നം -21501319/31.3.2016

തുക-2468/-രൂപ

ഏഴാം വാർഡിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഗ്രാമകേന്ദ്രത്തിന് പെയിൻറടിക്കുന്നതിന് വാർഡ് മെമ്പർ ശ്രീമതി റാജിദയുടെ അപേക്ഷ പ്രകാരം 2468/- രൂപ നൽകിയിട്ടുണ്ട്. ബിൽ, കൈപ്പറ്റ് ഇവ ഫയലിൽ ലഭ്യമല്ല. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഗ്രാമകേന്ദ്രത്തിന് പെയിൻറടിക്കുന്നതിന് തുക നൽകിയത് സംബന്ധിച്ച് നലസ്കിയ എൻക്വയറിക്ക് (നം 26/30.3.2016) മറുപടി ലഭ്യമാക്കിയിട്ടില്ല.ചെലവഴിച്ച 2468/- രൂപ തടസ്സപ്പെടുത്തുന്നു.വിശദീകരണം ലഭ്യമാക്കി തടസം ഒഴിവാക്കേണ്ടതാണ്.

**3-38** പത്തനാപുരം കെ.എസ്.ആർ.ടി.സി. ഡിപ്പോ സ്ഥിതിചെയ്യുന്ന പഞ്ചായത്ത് വക സ്ഥലത്തിന്റെ പാട്ടക്കാലാവധി അവസാനിച്ച് ഒരു വർഷം പിന്നിട്ടിട്ടും തുടർനടപടികൾ കൈക്കൊണ്ടിട്ടില്ല.

പത്തനാപുരം പഞ്ചായത്തിന്റെ ഉടമസ്ഥതയിലും കരം തീരുവയിലുമുള്ള സർവ്വേ 477/17ൽ ഉൾപ്പെട്ട 1.40ഏക്കർ സ്ഥലവും അതിലുള്ള കെട്ടിടങ്ങളും കെ.എസ്.ആർ.ടി.സി ഡിപ്പോയുടെ പ്രവർത്തനത്തിലേക്കായി സർക്കാരിന്റെ 36507/C1/2000/LSGD/10.10.2000 കത്ത് പ്രകാരം ഒരു നിശ്ചിത കാലയളവിലേക്ക് വിട്ടുകൊടുക്കാനും കാലാവധി തീരുന്നമുറയ്ക്കോ പകരം സംവിധാനം ലഭ്യമാകുമ്പോഴോ തിരികെ ഏല്പിക്കാനോ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ പത്തനാപുരം ഗ്രാമപഞ്ചായത്തിന്റെ 27-9-2000 ലെ 111(15) തീരുമാനപ്രകാരം കൈമാറി. 11.10.2000 ൽ സ്റ്റേറ്റ് ട്രാൻസ്പോർട്ട് കോർപ്പറേഷനുവേണ്ടി മാനേജിംഗ് ഡയറക്ടറും പഞ്ചായത്ത് സെക്രട്ടറിയുമായി ഉണ്ടാക്കിയ കരാർ പ്രകാരം 15 വർഷത്തിനിടയിൽ സൗകര്യപ്രദമായ സ്ഥലം കണ്ടെത്തുന്ന മുറയ്ക്ക് ടി സ്ഥലം തിരികെ ഏല്പിക്കേണ്ടതുമാണ്.എന്നാൽ കരാർ കാലാവധി പിന്നിട്ടിട്ട് ഒരു വർഷം കഴിഞ്ഞിട്ടും കരാർ പുതുക്കുകയോ സ്ഥലം തിരികെ ഏല്പിക്കുകയോ ചെയ്തിട്ടില്ല. മേൽ ഡിപ്പോയുടെ പ്രവർത്തനത്തിനായി നടത്തിയ പ്രവർത്തനങ്ങൾ മൂലമുണ്ടായ സാമ്പത്തിക നഷ്ടം പരിഹരിക്കുന്നതിലേക്കായി വിട്ടു നൽകുന്ന സ്റ്റാൾ,ഗാരേജ്, കെട്ടിടം എന്നിവയുടെ വാടകയായി 1800 രൂപ നിരക്കിൽ ഗ്രാമപഞ്ചായത്തിന് നൽകണമെന്ന് 12.9.2001 ലെIV(9) നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കെ.എസ.ആർ.ടി.സി യോട് ആവശ്യപ്പെട്ടെങ്കിലും നാളിതുവരെ ഈ ഇനത്തിൽ വരവ് ലഭിച്ചതായി കാണുന്നില്ല. ഒറിജിനൽ എഗ്രിമെന്റ് ലഭ്യമാക്കിയിട്ടില്ല. സ്ഥലം കൈമാറിയ ശേഷവും കാലാകാലങ്ങളിൽ ടാറിംഗ് ഉൾപ്പെടെയുള്ള പ്രവൃത്തികളും പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പാക്കിവരുന്നു. കെ.എസ്.ആർ.ടി.സി യുമായുള്ള കരാർ പുതുക്കുകയോ സ്ഥലം തിരികെ ഏറ്റെടുക്കാനുള്ള നടപടിരൾ കൈക്കൊള്ളുകയോ ചെയ്യേണ്ടതാണ്. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 2016-2017 | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വർക്ക് സ്കോളർഷിപ്പ് | 100000 | 0 |

### 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയതുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | എ.എം.സി,വാഴപ്പാറ, മാങ്കോട് നടമുരിപ്പ്,കുടിവെള്ളപദ്ധതി | 831586/ 31.12.2015 | 500000 | | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

### 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1827236 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 1827236 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1954875 |

| ക്രമ നം | നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|---|
| 1 | ഡിസിബി,പത്തനാപുരം | 1272741 |
| 2 | ഡിസിബി,പത്തനാപുരം | 112134 |
| 3 | ഡിസിബി,പത്തനാപുരം | 570000 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1200/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ/തീയതി |
|---|---|---|---|---|
| 2011-12,12-13 | 3-3 | 1200 | ജയിംസ് ജോർജ് | 11501104575/ 13.10.2015 |

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 117746377 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 85308636 |
| വരവിനങ്ങളിലുള്ള നഷ്ടം | 5000 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 956673 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6841000 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 5000 | | ശ്രീ എസ്.സുരേഷ് കുമാർ,സെക്രട്ടറി |

| | | | |
|---|---|---|---|
| 3-3 | | 18889 | അസിസ്റ്റൻറ് എൻജിനീയർ,<br>ബീനാ നാരായണൻ |
| 3-5 | | 6800 | ശ്രീ എസ്.സുരേഷ് കുമാർ,സെക്രട്ടറി |
| 3-14 | | 5420 | ശ്രീ എസ്.സുരേഷ് കുമാർ,സെക്രട്ടറി |
| 3-31 | | 150000 | ശ്രീമതി,.ബീനാനാരായണൻ,അസിസ്റ്റൻറ് എൻജിനീയർ |
| 3-34 | | 16400 | ഡോ.വിപിൻ രാജു.മെഡിക്കൽ ഓഫീസർ |
| 3-35 | | 121617 | ശ്രീമതി,.ബീനാനാരായണൻ,അസിസ്റ്റൻറ് എൻജിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 960681 | ശ്രീമതി .ബീനാനാരായണൻ,അസിസ്റ്റൻറ് എൻജിനീയർ |
| 3-4 | 1323776 | ശ്രീമതി .ബീനാനാരായണൻ,അസിസ്റ്റൻറ് എൻജിനീയർ |
| 3-6 | 100000 | ഡോ.ഉഷാ.കെ.ഷാനി,വെറ്ററിനറി സർജൻ |
| 3-10 | 65000 | ശ്രീ എസ്.സുരേഷ് കുമാർ,,സെക്രട്ടറി |
| 3-11 | 1445000 | ശ്രീ എസ്.സുരേഷ് കുമാർ,,സെക്രട്ടറി |
| 3-15 | 8032 | ശ്രീ എസ്.സുരേഷ് കുമാർ,സെക്രട്ടറി |
| 3-17 | 250000 | ഡോ.ഉമ്മൻ.പി.രാജ് ,വെറ്ററിനറി സർജൻ |
| 3-18 | 152500 | ശ്രീമതി.ലീനാ കുമാരി,അസി.സെക്രട്ടറി |
| 3-19 | 25500 | ശ്രീ എസ്.സുരേഷ് കുമാർ,,സെക്രട്ടറി |
| 3-20 | 485000 | ശ്രീ എസ്.സുരേഷ് കുമാർ,,സെക്രട്ടറി |
| 3-21 | 790000 | ഡോ.ഉമ്മൻ.പി.രാജ് ,വെറ്ററിനറി സർജൻ |
| 3-22 | 48375 | ശ്രീ എസ്.സുരേഷ് കുമാർ,,സെക്രട്ടറി |
| 3-23 | 56725 | ശ്രീ എസ്.സുരേഷ് കുമാർ,,സെക്രട്ടറി, |
| 3-26 | 19825 | ശ്രീ എസ്.സുരേഷ് കുമാർ,,സെക്രട്ടറി, |
| 3-30 | 384268 | ശ്രീ എസ്.സുരേഷ് കുമാർ,,സെക്രട്ടറി, |
| 3-32 | 500000 | ശ്രീ എസ്.സുരേഷ് കുമാർ,,സെക്രട്ടറി, |
| 3-33 | 24000 | ശ്രീ എസ്.സുരേഷ് കുമാർ,,സെക്രട്ടറി, |
| 3-36 | 199850 | ശ്രീ എസ്.സുരേഷ് കുമാർ,,സെക്രട്ടറി, |
| 3-37 | 2468 | ശ്രീ എസ്.സുരേഷ് കുമാർ,,സെക്രട്ടറി, |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ബീനാനാരായണൻ,അസി എഞ്ചിനീയർ | അസി എഞ്ചിനീയർ,പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത് | ശ്രീപത്മനാഭാ,TKMC po,പേരൂർ.,കൊല്ലം -5 |
| ഡോ.വിപിൻരാജ് മെഡിക്കൽ ഓഫീസർ, പ്രാഥമികാരോഗ്യ കേന്ദ്രം | മെഡിക്കൽ ഓഫീസർ, പ്രാഥമികാരോഗ്യ കേന്ദ്രം, | പ്രദീപം ,പുഷ്പരാഗം ,പാറാമല,ആറാമട,തിരുവനന്തപുരം |
| ശ്രീ എസ്.സുരേഷ് കുമാർ,,സെക്രട്ടറി, | വിരമിച്ചു | ചെല്ലമ്മഭവൻ, തോക്കല,നെടുംപറമ്പ് പിഒ, ആറ്റിങ്ങൽ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1982-83 | എൽ.എഫ്.ക്യൂ.പി3/312/96 |
| 1996-97 | എൽ.എഫ്.ക്യൂ.പി4/1522/97 തീ:21.11.1998 |
| 1997-98 | എൽ.എഫ്.ക്യൂ.പി4/876/99 തീ: 13.06.2000 |
| 1998-99 | എൽ.എഫ്.ക്യൂ.പി8/947 തീ: 25.01.2003 |
| 1999-2000 | എൽ.എഫ്.ക്യൂ.പി5/672/04തീ: 15.02.2005 |
| 2000-01 | എൽ.എഫ്.ക്യൂ.പി871/04 തീ: 15.05.2005 |
| 2001-02 | എൽ.എഫ്.ക്യൂ.പി871/04 തീ: 15.05.2005 |
| 2002-03 | എൽ.എഫ്.ക്യൂ.പി1133/ബി/05തീ: 31.10.2006 |
| 2003-04 | എൽ.എഫ്.ക്യൂ.പി6/922/08 തീ: 22.10.2008 |
| 2004-05 | എൽ.എഫ്.ക്യൂ.പി921/08 തീ: 22.10.2008 |
| 2005-06 | എൽ.എഫ്.ക്യൂ.പി809/09തീ: 18.03.2010 |

| | |
|---|---|
| 2006-07 | എൽ.എഫ്.ക്യൂ.പി1/810/09 തീ: 18.03.2010 |
| 2007-08 | എൽ.എഫ്.ക്യൂ.പി1063/10തീ: 28.02.2011 |
| 2008-09 | എൽ.എഫ്.ക്യൂ.പി1064/10 തീ: 28.02.2011 |
| 2009-10 | എൽ.എഫ്.ക്യൂ.പി/1076/2012 തീ: 06.09.2012 |
| 2010-11 | എൽ.എഫ്.ക്യൂ.പി.667/13/തീ:22.06.13 |
| 2011-12 & 2012-13 | എൽ.എഫ്.ക്യൂ.പി6/2422/13 തീ: 04.04.2014. |
| 2014-15 | കെ എസ് എ -കെ എൽ എം പി6/419/16 തീ.18.3.16 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

## 4-10

## സാക്ഷ്യപത്രം-2015-16

നം.കെ.എസ്.എ-കെ.എൽ.എം-പി 6/261/17 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

കൊല്ലം.

തീയതി 14.02.2017

1994-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്,1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ പത്തനാപുരം ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പത്തനാപുരം ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യപത്രിക ,വരവ്ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടിഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാഓഡിറ്റ് കാര്യാലയം,കൊല്ലം.